കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി13-1069/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി: 14.08.2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരൂർ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : അരൂർ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി13-1069/2017 തീയതി: 14.08.2017

*ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്*

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 08.12.2016 മുതൽ 05.07.2017 വരെ വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.07.2017 മുതൽ 02.08.2017 വരെ | ശ്രീ.സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജേഷ് കെ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രവീൺ ഷേണായ് ജെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുനിൽ കെ.ബി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1. | ശ്രീമതി.ബി.രത്നമ്മ | 01.04.2016 മുതൽ 31.03.2017 വരെ |

2)സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. ജോജോസ് ബൈജു | 01.04.2016 മുതൽ 31.03.2017 വരെ |

3)സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | ശ്രീ.കെ.ആർ. നന്ദകുമാർ | 01.04.2016 - 31.03.2017 |
| വികസനകാര്യം | ശ്രീമതി.ഉഷ അഗസ്റ്റിൻ | 01.04.2016 - 31.03.2017 |
| ക്ഷേമകാര്യം | ശ്രീ. അലക്സ് എ. എ | 01.04.2016 - 31.03.2017 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. എൻ.എം.സജിത | 01.04.2016 - 31.03.2017 |

4)മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അനൂപ്.എം. പി | 01.04.2016 മുതൽ 30.07.2016 വരെ |
| | ശ്രീമതി.സഞ്ചുസൂസൻ മാത്യൂ | 31.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ജി.എസ് മനോജ് | 01.04.2016 മുതൽ 31.07.2016 വരെ |
| | ഡോ.കിഷോർ കിരൺ | 01.08.2016 മുതൽ 31.10.2016 വരെ & 30.01.2017 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |
| | ഡോ.മൃദുല രാമുണ്ണി | 01.11.2016 മുതൽ 29.01.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ദിവ്യ സി.ബി | 01.04.2016 മുതൽ 03.08.2016 വരെ |
| | ഡോ.ദിവ്യ എ.വി. | 04.08.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഹേമ ട്രീസ മാത്യു | 01.04.2016 മുതൽ 31.05.2016 വരെ |
| | ഡോ. ആര്യ അൽഫോൻസ് | 01.06.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയകല പി.വി | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീമതി. സുനിത ക്ഷപാകരൻ | 01.08.2016 മുതൽ 16.03.2017 വരെ |
| | ശ്രീമതി.സ്വപ്ന കരുണാകരൻ | 17.03.2017 മുതൽ 31.03.2017 വരെ |
| പ്രധാന അധ്യാപിക, എൽ.പി.എസ്. | ശ്രീമതി. സൗദാ ബീവി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഹരിലാൽ .കെ | 01.04.2016മുതൽ 19.08.2016 വരെ&& 15.11.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി. ഇന്ദുശ്രീ | 20.08.2016 മുതൽ<br>14.11.2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. കെ. എ. അനിൽ കുമാർ<br>(അത്രൂർ സെൻട്രൽ) | 01.04.2016 മുതൽ<br>31.03.2017 വരെ |
| | ശ്രീ. വൈ. ഉണ്ണിക്കുട്ടൻ<br>(ചന്തിരൂർ) | 01.04.2016 മുതൽ<br>08.11.2016 വരെ |
| | ശ്രീ. അനിഷ് കെ.ആർ<br>(അത്രൂർ) | 01.04.2016 മുതൽ<br>31.03.2017 വരെ |
| | | 09.11.2016 മുതൽ<br>31.03.2017 വരെ (ചന്തിരൂർ സർക്കിൾ അധിക ചുമതല) |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കെ ശോഭ | 01.04.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം | ഭാഗം-1 | ഖ. നം |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ |
| | | 1-10 വരെ |
| | ഭാഗം- 2 | |
| 2 | ഡി ആന്റ് ഓ ലൈസൻസ് ഫീസ് കുറവ് ഈടാക്കി | 2-1 |
| 3 | വാടക കുടിശ്ശിക കൂടുന്നു | 2-2 |
| 4 | ട്രേഡേഴ്സ് ലിസ്റ്റ്/അസസ്സ്മെന്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്തത് മൂലം വരുമാന നഷ്ടം | 2-3 |
| 5 | തൊഴിൽ നികുതി- പിഴ പലിശ ഈടാക്കിയില്ല | 2-4 |
| 6 | ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, സ്വീപ്പർമാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| 7 | വരുമാന പത്രികകൾ ശരിയാംവണ്ണം സമർപ്പിക്കുന്നില്ല-തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് | 2-6 |
| 8 | അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ്, വരുമാനത്തിന്റെ നിജസ്ഥിതി പരിശോധന വിധേയമാക്കിയില്ല | 2-7 |
| 9 | ആർജ്ജിതാവധി സറണ്ടർ തുക/ബോണസ് എന്നിവ വരുമാന പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. | 2-8 |

| | | |
|---|---|---|
| 10 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് മൂലം വൻ വരുമാന നഷ്ടം | 2-9 |
| 11 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ് | 2-10 |
| 12 | പെർമിറ്റ് ഫീസും വസ്തു നികുതിയും ഈടാക്കിയതിൽ കുറവ് | 2-11 |
| 13 | ആംബുലൻസ് വരവ് ചെലവുകളിലെ അന്തരം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് | 2-12 |
| | ഭാഗം-**3** | |
| 14 | വെള്ളക്കരം ഇനത്തിൽ അധിക തുക അടവാക്കുന്നു- ലക്ഷങ്ങൾ പഞ്ചായത്തിന് നഷ്ടം | 3-1 |
| 15 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ–അപാകതകൾ | 3-2 |
| 16 | പട്ടികജാതി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മാണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 3-3 |
| 17 | വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 18 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി-കരാർ പ്രകാരം പ്രവർത്തനരഹിതമായ വിളക്കുകൾ അറ്റകുറ്റപ്പണി ചെയ്ത് തിരിച്ചേൽപ്പിച്ചിട്ടില്ല. | 3-5 |
| 19 | ആംബുലൻസ് ഡ്രൈവർക്ക് അധിക വേതനം നൽകി | 3-6 |
| 20 | ക്രിമറ്റോറിയം വരവ് ചെലവുകൾ സന്തുലിതമല്ല- ബൈലോ തയാറാക്കി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 3-7 |
| 21 | ഓഫീസ് സ്റ്റേഷനറി ചെലവുകൾ | 3-8 |
| 22 | ഓഫീസ് വാഹനത്തിന്റെ ദുരുപയോഗം | 3-9 |
| 23 | ആനുകൂല്യങ്ങൾ ലഭിക്കാതെ ഗുണഭോക്താക്കൾ– അഗതി-ആശ്രയ പദ്ധതി അക്കൗണ്ടിൽ ലക്ഷങ്ങൾ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു | 3-10 |
| 24 | വായനശാലകൾക്ക് ദിനപത്രം | 3-11 |
| 25 | വിവിധ ആവശ്യങ്ങൾക്ക് വേണ്ടി മരുന്നു വാങ്ങുന്നതിന് പണം നൽകിയത് സംബന്ധിച്ച് | 3-12 |
| 26 | ഐ.എ.വൈ വിഹിതം -വിനിയോഗ രേഖകൾ ലഭ്യമല്ല | 3-13 |
| 27 | ആട്ട വിതരണം - ഉയർന്ന നിരക്ക് നൽകി - അധികച്ചെലവ് -56394/- | 3-14 |
| 28 | ജൈവവളം വാങ്ങൽ -ഉയർന്ന നിരക്കിൽ വാങ്ങി -അധികച്ചെലവ് -7246/- | 3-15 |
| 29 | സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം(എസ്.റ്റി)- സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള പരിധിയിൽ കവിഞ്ഞ് നൽകിയ ആനുകൂല്യം അംഗീകരിക്കുന്നില്ല | 3-16 |
| 30 | ഒ.ഡി.എഫ്- തുക തിരികെ കിട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-17 |
| 31 | അർഹതാ രേഖകൾ ഉറപ്പുവരുത്താതെ സബ്സിഡി ആനുകൂല്യം നൽകി | 3-18 |
| 32 | ഭവന പുനരുദ്ധാരണം -സബ്സിഡി മാനദണ്ഡം പാലിക്കാതെ അധിക തുക നൽകി | 3-19 |
| 33 | ഭവന നിർമ്മാണം-ഗഡുക്കൾ കൈപ്പറ്റിയവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-20 |
| 34 | ആദായ നികുതി ഈടാക്കിയില്ല. | 3-21 |
| 35 | തറയിൽ ടൈൽ വിരിക്കൽ പ്രവൃത്തിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു - അധികച്ചെലവ് - 4629/- | 3-22 |
| 36 | VAT അധികം ഒടുക്കിത് -31913/- | 3-23 |
| 37 | പൈപ്പിന്റെ വ്യാസം കുറവു ചെയ്തില്ല – നഷ്ടം 3599/- | 3-24 |
| 38 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-25 |
| | ഭാഗം-**4** | |
| 39 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-10 വരെ |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 42 | ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03/03/2017തീയതിയിലെ 1--ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 25,65,43,143 | 23,50,89,356 |
| വാർഷിക കണക്ക് പ്രകാരം | 10,96,30,235.81 | 9,41,18,133 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ ഭീമമായ അന്തരമുണ്ട്. പ്രതീക്ഷിത വരവുചെലവുകൾ യഥാർത്ഥ വരവുചെലവുകളുടെ ഇരട്ടിയിലധികമാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു. (അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്).

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക).

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 22612641 | 10323273 | 45.65 |
| വികസനഫണ്ട് എസ്.സി.പി. | 10201419 | 5449448 | 53.41 |
| വികസനഫണ്ട് ടി.എസ്.പി. | 308154 | 73600 | 23.88 |
| സംരക്ഷണഗ്രാന്റ് റോഡ് | 11471363 | 2037393 | 17.76 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5661976 | 3659728 | 64.63 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12146347 | 5254476 | 43.25 |
| പെർഫോമൻസ് ഗ്രാന്റ് | 6530996 | 1302207 | 19.93 |
| സ്പെഷ്യൽ ഗ്രാന്റ് | 353428 | 40000 | 11.31 |
| ബി ഫണ്ട് | 976200 | 702000 | 71.91 |
| എം.എൻ.ആർ.ഇ.ജി.എസ്. | 36766000 | 36737000 | 99.92 |
| | (മുന്നിരിപ്പ് 107028524 ഉൾപ്പെടെ) | | (നീക്കിയിരിപ്പ് 41449399) |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 358 | 13,47,67,988 | 117 | 5,11,86,493 | 44 | 197 | 32.68 |

അടങ്കൽ തുകയുടെ 38% മാത്രമാണ് തൻവർഷം ചെലവ്. അംഗീകാരം ലഭിച്ച പദ്ധതികളിൽ 1/3 എണ്ണം പോലും നടപ്പാക്കിയില്ല. പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും ഗുരുതരമായ വീഴ്ചയാണ് ഇതു വ്യക്തമാക്കുന്നത്.

## 1-5 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.81ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം 2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 85,45,396 | 97,94,958 | 12,49,562 | 14.62 |
| നികുതിയിതര വരവുകൾ | 10,62,035 | 11,96,367 | 1,34,332 | 12.65 |
| മറ്റ് വരവുകൾ | 10,07,778 | 10,90,067 | 82,289 | 8.16 |
| ആകെ | 1,06,15,209 | 1,20,81,392 | 14,66,183 | 13.81 |

# 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം വിവിധ ക്ഷേമ പദ്ധതികളുടെ ഭാഗമായി താഴെപ്പറയും പ്രകാരം 5784 ഗുണഭോക്താക്കൾക്കായി 5,42,26,990/-രൂപ വിതരണം ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 448200 | 284 |
| കർഷകതൊഴിലാളി പെൻഷൻ | 2230940 | 261 |
| വിധവാപെൻഷൻ | 12739930 | 1320 |
| വാർദ്ധക്യകാലപെൻഷൻ | 34356265 | 3407 |
| വികലാംഗപെൻഷൻ | 3456085 | 425 |
| അവിവാഹിതപെൻഷൻ | 545570 | 72 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 450000 | 15 |
| ആകെ | 54226990 | 5784 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-7-2017 ഉച്ച തിരിഞ്ഞ് 3:50 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 28,393/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/07/2017 | 06/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2008-09 to 2012-13 | 28/12/2014 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യക്ഷമമല്ല. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. പ്രധാന തനതു വരുമാനമായ കെട്ടിട നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ കൃത്യമായ രീതിയിൽ പ്രവർത്തനക്ഷമമായിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററിൽ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ-രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഡി ആന്റ് ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായതായി കാണുന്നു.

| ഡിമാന്റ് രജിസ്റ്റർ നമ്പർ | കെട്ടിട നമ്പർ | പേര്,മേൽവിലാസം | കച്ചവട ഇനം | ഈടാക്കിയ തുക | ഒരു ദിവസ ത്തെ വിറ്റുവരവ് | രസീത് നമ്പർ,തീയതി | ഈടാ ക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 5 | IX/315 | എൻ.എക്സ്.ജേക്കബ്,ഓസ്യൻ ജമ്സ് എക്സ് പോർട്ടസ് | സീഫുട്സ് | 200 | 50000 | 7051/09-02-16 | 1000 | 800 |
| 101 | I/219,220,221 | ഹൈ-സ്പാമ് ബിൽടേസ് | ചോക്ക ലേറ്റ് പേസ്റ്റ് | 1000 | 100000 | 7919/26-02-16 | 2000 | 1000 |
| 143 | 694 B | സാമുവേൽ,വലിയ വീട്ടിൽ | കാർപ്പെൻട്ടറി വർക്സ് | 100 | 7000 | 8022/27-02-16 | 200 | 100 |
| 151 | 589,589 A | ഫ്രാൻസിസ് ജോൺ,ജോൺ ഫുഡ്സ് | ചോക്ക ലേറ്റ് പേസ്റ്റ് | 1500 | 120000 | 8031/27-02-16 | 4000 | 2500 |
| 419 | IX-435,436 | ജാവീദ് ഹാഷിം,അബാദ് എക്സ് പോർട്ടസ് | കോൾട് സ്റ്റോർ | 2140 | 376 HP | 8476/01-03-16 | 3760 | 1620 |
| 455 | XIX-152 | സാലിഫ് മോൻ,നെടു ങ്ങേരിയിൽ | ഇരുമ്പ് സ്റ്റീൽ,സ്റ്റോക്ക് | 200 | 50000 | 8638/03-03-16 | 1000 | 800 |
| 478 | VII/42 | ആന്റണി വർഗീസ്,കോലോത്തറ എ ക്സ്പോസ് | സീഫുട് പ്രോസസിംഗ് | 5000 | 550 HP | 8763/04-03-16 | 5500 | 500 |
| 544 | VIII/683B | രാജേഷ് സുങർ | ഫുട് ടെസ്റ്റിങ് ലാബറട്ടറി | 750 | 50000 | 6100/18-03-16 | 1000 | 250 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ലാൽ,ജിയോ<br><br>ചെമ് ലാബ്സ് | | | | | | |
| 631 | VI/92A | ബ്രിജീഷ് മുഹമ്മദ്,അറുങ്കത്ത് പറമ്പിൽ | പി.വി.സി. ഇനങ്ങൾ | 2000 | 300000 | 0256/31-03-16 | 4000 | 2000 |
| | | | | | | | | 9570 |

ഡിആന്റ്ഒ ലൈസൻസ് ഫീസ് കുറവ് ഈടാക്കിയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഭൂരിഭാഗം അപേക്ഷകളിലും പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക കൂടുന്നു

ഗ്രാമപഞ്ചായത്ത് കട മുറികളുടെ വാടക യഥാസമയം പിരിക്കാത്തത് മൂലം കുടിശ്ശിക കൂടുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| കടമുറി നമ്പർ | പേര്,മേൽവിലാസം | മാസ വാടക | 2015-16 ലെ കുടിശ്ശിക | 2016-17 ലെ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| എഫ്-2 | സതീശൻ,തോപ്പിൽ | 2815 | 30420 | 33780 | 64200 |
| എസ്-2 | സജി,പുത്തൻപ്പുരക്കൽ | 1050 | - | 3150 | 3150 |
| എസ്-7 | സുബിമോൻ,കുടക്കുത്തും പറമ്പ് | 1654 | 18900 | 19848 | 38748 |
| എസ്-8 | രവീന്ദ്രൻ,പുത്തൻതറ നികർത്ത് | 572 | - | 1144 | 1144 |
| എസ്-9 | രവീന്ദ്രൻ,പുത്തൻതറ നികർത്ത് | 467 | 4916 | 934 | 5850 |
| എസ്-10 | നൗഷദ്,സ്റ്റാർവില്ല | 710 | - | 8520 | 8520 |
| എസ്-11 | സജി,പുത്തൻപുരയിൽ | 783 | - | 2049 | 2049 |
| എസ്-12 | സജി,പുത്തൻപുരയിൽ | 578 | - | 1734 | 1734 |
| ബി നമ്പർ-5 | സുജിതാമണി, അങ്കമാലിവെളി | 184 | - | 552 | 552 |
| | അരൂർ-ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണസംഘം | 7392 | | 88704 | 88704 |
| | അരൂർ-ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണസംഘം | 7392 | | 88704 | 88704 |
| | പ്രസിഡന്റ്, ശ്രീകുമാരവിലാസം ദേവസ്വം | 7392 | | 88704 | 88704 |
| | | | | ആകെ | 392059 |

വാടക കുടിശ്ശിക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ്/അസസ്മെന്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്തത് മൂലം വരുമാന നഷ്ടം

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥമായ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും വ്യക്തികളുടേയും വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റ് വർഷം തയാറാക്കി സൂക്ഷിച്ചിട്ടില്ല. (കേ. പ. രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ- 5- ലെ മാതൃക പ്രകാരമുള്ളത്). തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നികുതി

ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികളുടേയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. പഞ്ചായത്തിൽ ആകെ 144 പേരുടെ (വ്യാപാരികളും സ്ഥാപനങ്ങളും ഉൾപ്പെടെ) നികുതി മാത്രമാണ് രജിസ്റ്റർ പ്രകാരം പിരിച്ചെടുത്തിട്ടുള്ളത്. ഡി&ഒ ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ പ്രകാരം തൻവർഷം 947 വ്യാപാരികൾ/സ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ നിന്നും തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളിച്ചുള്ള സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയിട്ടില്ല എന്നു കാണുന്നു.

പഞ്ചായത്തിന്റെ സമീപ പ്രദേശത്തുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കാണുന്നു.

1. ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ്
2. ഹിന്ദുസ്ഥാൻ പെട്രോളിയം പമ്പ്
3. കാർത്തിക ഡ്രൈവിംഗ് സ്കൂൾ
4. പ്രദീപ് ഡ്രൈവിംഗ് സ്കൂൾ
5. ശ്രീലക്ഷ്മി ഡ്രൈവിംഗ് സ്കൂൾ
6. വാഹന പുക പരിശോധന കേന്ദ്രം, അരൂർ
7. കുമർത്തുശ്ശേരി ടെക്സ്റ്റൈൽസ്, അരൂർ
8. അക്ഷയ ഇ-സെന്റർ,അരൂർ
9. മാർജിൻഫ്രീ സൂപ്പർ മാർക്കറ്റ്,അരൂർ
10. പട്ടികജാതി വികസന സഹകരണസംഘം
11. ബെസ്റ്റ് ബേക്കേഴ്സ്,അരൂർ
12. എ1 ഫർണ്ണീച്ചർ,അരൂർ
13. മിനി മുത്തൂറ്റ് ഫിൻ കോർപ്പ്
14. കൺസ്യൂമർ ഫെഡ് നീതി സ്റ്റോർ
15. സയോൺ ബ്യൂട്ടി പാർലർ,അരൂർ
16. മീര ബേക്കറി,അരൂർ
17. കെ.ആർ മെഡിക്കൽസ്,അരൂർ
18. അമ്പിളി മെഡിക്കൽസ്,അരൂർ
19. തേർഡ് ഐ ഡിജിറ്റൽ സ്റ്റുഡിയോ
20. സ്സിംഗ് ഡിജിറ്റൽ,അരൂർ

തൊഴിൽ നികുതി അടയ്ക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ട് ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞതിന് ലഭിച്ച മറുപടിയിൽ ടി 20 സ്ഥാപനങ്ങളെയും തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതിയുടെ അർദ്ധവർഷത്തെ ഉയർന്ന സ്ലാബിലെ നിരക്കായ 1250/-രൂപ ഈടാക്കാവുന്നതിനാൽ ഓഡിറ്റ് വർഷം തന്നെ 20,000/-രൂപ (8x (1250x2)) നഷ്ടം സംഭവിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശിക തുക ഉൾപ്പെടെ പിരിച്ചെടുക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

1. ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ്
2. ഹിന്ദുസ്ഥാൻ പെട്രോളിയം പമ്പ്
3. കാർത്തിക ഡ്രൈവിംഗ് സ്കൂൾ
4. പ്രദീപ് ഡ്രൈവിംഗ് സ്കൂൾ
5. ശ്രീലക്ഷ്മി ഡ്രൈവിംഗ് സ്കൂൾ
6. മിനി മുത്തൂറ്റ് ഫിൻ കോർപ്പ്
7. മാർജിൻഫ്രീ സൂപ്പർ മാർക്കറ്റ്,അരൂർ

8. പട്ടികജാതി വികസന സഹകരണസംഘം

## 2-4 തൊഴിൽ നികുതി - പിഴ പലിശ ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ഒന്നാം അർദ്ധ വർഷത്തേയും രണ്ടാം അർദ്ധ വർഷത്തേയും റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിശ്ചിത തീയതിയ്ക്ക് ശേഷം (ഒന്നാം അർദ്ധ വർഷം 30-09-2016 ന ശേഷം; രണ്ടാം അർദ്ധ വർഷം 31-03-2017ന ശേഷം) തൊഴിൽ നികുതി അടച്ച താഴെപറയുന്ന സ്ഥാപനത്തിൽ നിന്ന് പ്രതിമാസം 1% നിരക്കിൽ പിഴ ചുമത്തിയില്ലെന്ന് കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ടി തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒടുക്കിയ തൊഴിൽ നികുതി | രസീത് നം./ തീയതി | ഒടുക്കേണ്ടതായ നികുതി | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|
| 1. | പാറയിൽ ഫുഡ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, അത്തൂർ | 46030 | 117040500014/ 26.04.17 (രണ്ടാം അർദ്ധ വർഷം) | 46490 | 460 |

നികുതിയിനത്തിലെ പിഴപ്പലിശ സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, സ്വീപ്പർമാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, സ്വീപ്പർമാർ എന്നിവരുടെ നികുതി ഈടാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി. ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | ഒരു മാസത്തെ വരുമാനം | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | ശ്രീ.ഷാജി പി.കെ, ജീപ്പ് ഡ്രൈവർ | 17550 | 105300 | 1000 |
| 2 | ശ്രീ. ഉണ്ണി, ആംബുലൻസ് ഡ്രൈവർ | 17550 | 105300 | 1000 |
| 3 | ശ്രീ. കാർത്തികേയൻ, ആംബുലൻസ് ഡ്രൈവർ | 17550 | 105300 | 1000 |
| 4 | ശ്രീമതി.ജബീനകെ.എം ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 16200 | 97200 | 750 |

| | | | | |
|---|---|---|---|---|
| 5 | ശ്രീമതി. പുഷ്പവല്ലി, ക്രിമറ്റോറിയം ഡെയ്ലി വേജസ് സ്വീപ്പർ | 6000 | 36000 | 300 |
| 6 | ശ്രീമതി. രമ, മാർക്കറ്റ് സ്വീപ്പർ | 6000 | 36000 | 300 |
| | ആകെ | | | 4350 |

ടി ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി(8700/-രൂപ) ഈടാക്കാത്തതിന് കാരണമാരാഞ്ഞു നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 08/28.07.17) ടി ജീവനക്കാരുടെ 07/17-ലെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒടുക്ക വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
തുക ഈടാക്കുന്നത് വരെ തൊഴിൽ നികുതി നഷ്ട തുകയായ 8700/- രൂപ സെക്രട്ടറിയുടെ ബാധ്യതയായി നിലനിർത്തുന്നു.

## 2-6 വരുമാന പത്രികകൾ ശരിയാംവണ്ണം സമർപ്പിക്കുന്നില്ല-തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ്

എം.എം. ടിവി ലിമിറ്റഡ്, അരൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധ വാർഷിക വരുമാനം പത്രികയിൽ കാണിക്കുന്നില്ല. പകരം ജീവനക്കാരിൽ നിന്നും വ്യത്യസ്ത സ്ലാബ് നിരക്കുകളിൽ നികുതി ഈടാക്കിയതിന്റെ പത്രികയാണ് ഹാജരാക്കിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. സ്ഥാപനം സമർപ്പിച്ച വരുമാന പത്രിക പ്രകാരം 286 പേർക്ക് 1250/-രൂ, 52പേർക്ക് 1000/-രൂ; 30 പേർക്ക് 750/-രൂ, 8 പേർക്ക് 600/-രൂ; 5 പേർക്ക് 450/-രൂ; 7 പേർക്ക് 300/-രൂ; 180/-രൂ, 120/-രൂ ഓരോരുത്തർക്ക് വീതം എന്നിങ്ങനെയാണ് നികുതി കണക്കാക്കിയിട്ടുള്ളത്. ഇത് പ്രകാരം ആകെ 4,41,450/-രൂപ ഒടുക്കേണ്ടതായുണ്ട്. എന്നാൽ 390 പേരിൽ നിന്നും ആദ്യ അർദ്ധ വർഷം 4,38,540/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. (രസീത് നം. 0029/10.08.2016 Cheque No. 008740/09.08.16 South Indian Bank). റിട്ടേണിൽ നികുതി അടയ്ക്കേണ്ടതിൽ നിന്നും ആരെയും ഒഴിവാക്കിയതായും കാണുന്നില്ല. 2910/-രൂപ നികുതിയിനത്തിൽ കുറവ് വന്നതായി കാണുന്നു.

2) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരൂർ ശാഖയുടെ 12 ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ വരുമാന പത്രികയിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. 11 ജീവനക്കാർക്ക് 1250/-രൂപയും ഒരാൾക്ക് 1000/-രൂപയും എന്ന തോതിൽ നികുതി ചുമത്തിയിട്ടുണ്ട്. (രസീത് നം. 11604500114/04.02.17). വരുമാനം രേഖപ്പെടുത്താതെ റിട്ടേൺ ഫയൽ ചെയ്തത് ക്രമ പ്രകാരമല്ല.
വരുമാന പത്രികയിലെ പിഴവ് പുനഃപരിശോധിച്ച് കൃത്യമായി തൊഴിൽ നികുതി അപേക്ഷകൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയുണ്ടായി.

റിട്ടേണുകൾ ശരിയായി പരിശോധിക്കാതെ സ്ഥാപനത്തിന്റെ കണക്കുകൾ അംഗീകരിച്ചത് മൂലം 2910/-രൂപ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. റിട്ടേൺ പുനഃപരിശോധിച്ച് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 2-7 അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ്, വരുമാനത്തിന്റെ നിജസ്ഥിതി പരിശോധന വിധേയമാക്കിയില്ല

1. അർദ്ധവർഷ വരുമാന പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് ഉള്ളതായി കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം/തീയതി | കുറവ് |
|---|---|---|---|---|---|---|
| 1 | റഹ്മത്ത് എ, അക്കൌണ്ടന്റ്, അൽ അമീൻ പബ്ലിക് സ്കൂൾ | 97680<br>(II half) | 750 | 600 | 11604106759/09.03.17 | 150 |
| 2 | ഡോ. ഡേവിഡ്, ചന്തിരൂർ മിഷൻ ഹോസ്പിറ്റൽ | -<br>A Class Regist. Medical Practioner MBBS Allopathy<br>(പത്രികയിൽ കാണിച്ച വരുമാനം 124998/രൂപ) | 1250 | 1000 | 11604107650/30.03.17 | 250/- |
| ആകെ | | | | | | 400/- |

2)

അൽ-അമീൻ പബ്ലിക് സ്കൂൾ, ചന്തിരൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധവർഷ വരുമാന പത്രികൾ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച രേഖപ്പെടുത്തലിന്റെ നിജസ്ഥിതി പരിശോധിച്ചില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്,ഉദ്യോഗപ്പേര് | ഒന്നാം അർദ്ധവർഷ വരുമാനം | രണ്ടാം അർദ്ധവർഷ വരുമാനം |
|---|---|---|---|
| 1 | ജെസി കെ.സി., പി.ആർ.റ്റി | 99348 | 99350.40 |
| 2 | സുനിൽ കെ.ജെ., പി.ആർ.റ്റി | 99348 | 99350.40 |
| 3 | അജിത,പി.ആർ.റ്റി | 99348 | 99350.40 |
| 4 | പ്രസന്ന ജ്യോതി, പി.ആർ.റ്റി | 99348 | 99350.40 |
| 5 | രേഷ്മ രഞ്ജിത്ത്, | 99348 | 99350.40 |

| | | | |
|---|---|---|---|
| | പി.ആർ.റ്റി | | |
| 6 | രൂപ മനോജ്,പി.ആർ.റ്റി | 99348 | 99350.40 |
| 7 | റെസ്ലിൻ,പി.ആർ.റ്റി | 99348 | 99350.40 |
| 8 | കാർത്തിക ആനന്ദൻ, പി.ആർ.റ്റി | 99348 | 99350.40 |
| 9 | സജ്ന ഇ.എസ്, പി.ആർ.റ്റി | 99348 | 99350.40 |
| 10 | സെലിൻ പ്രീണി, പി.ആർ.റ്റി | 99348 | 99350.40 |
| 11 | വേണക്കുട്ടൻ,പി.ആർ.റ്റി | 99348 | 99350.40 |
| 12 | മേരി അഞ്ജു,പി.ആർ.റ്റി | 99348 | 99350.40 |
| 13 | സൌമ്യ,പി.ആർ.റ്റി | 99348 | 99350.40 |
| 14 | ദീന തോമസ്,പി.ആർ.റ്റി | 99348 | 99350.40 |
| 15 | ഷെഫ്ന്നാസ്,പി.ആർ.റ്റി | 99348 | 99350.40 |
| 16 | മേരി ലിൻസി,പി.ആർ.റ്റി | 99348 | 99350.40 |
| 17 | തൻസീല,പി.ആർ.റ്റി | 99348 | 99350.40 |
| 18 | ജെസി ജോസഫ്, പി.ആർ.റ്റി | 99348 | 99350.40 |
| 19 | ജയ ആർ.,പി.ആർ.റ്റി | 99348 | 99350.40 |
| 20 | സിസ്റ്റർ ഷീബ,പി.ആർ.റ്റി | 99348 | 99350.40 |
| 21 | ലിയ ജയലാൽ, പി.ആർ.റ്റി | 99348 | 99350.40 |
| 22 | ഫൌസിയ,പി.ആർ.റ്റി | 93060 | 93062.40 |
| 23 | ഫാത്തിമ,പി.ആർ.റ്റി | 93060 | 93062.40 |
| 24 | രേഖ ആർ., പി.ജി.റ്റി | 93060 | 93062.40 |
| 25 | അഖിൽ എ.,റ്റി.ജി.റ്റി. | 93060 | 93062.40 |
| 26 | നീന നന്ദൻ, പി.ജി.റ്റി. | 93060 | 93062.40 |
| 27 | ലക്ഷ്മി പി.എ, പി.ആർ.റ്റി. | 93060 | 93062.40 |

അർദ്ധവാർഷിക വരുമാനം ഒരു ലക്ഷം രൂപയും അതിനു മുകളിലും ആയാൽ നികുതി സ്ലാബിൽ വ്യത്യാസം വരുമെന്നതിനാൽ ടി ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച് അന്വേഷണം നടത്തി ആയത് പ്രകാരമായിരുന്നു നികുതി സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം അന്വേഷണം നടത്തുകയോ അപ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. വരുമാന പത്രികകളിലെ വരുമാനം രേഖപ്പെടുത്തലിന്റെ നിജസ്ഥിതി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നതാണെന്ന് ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. അർദ്ധവർഷ തൊഴിൽ നികുതി

ഒടുക്കിയതിൽ കുറവ് വന്ന തുക 400/-രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ബോണസ് തുക വരുമാന പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

1. ഇ.എസ്. ഐ. ഡിസ്പെൻസറി, അരൂർ എന്ന സ്ഥാപനത്തിലെ ശ്രീമതി. തങ്കമണി എസ്, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II -ന്റെ അർദ്ധ വർഷവരുമാനത്തിൽ ബോണസ് തുക ഉൾപ്പെടുത്തിയതായി കാണുന്നില്ല ടിയാൾ 1000/-രൂപ വീതം രണ്ട് അർദ്ധ വർഷങ്ങളിലും നികുതി ഒടുക്കിയിട്ടുണ്ട്. (ഒന്നാം അർദ്ധവർഷ വരുമാനം- 107415/-രൂപ; രണ്ടാം അർദ്ധവർഷ വരുമാനം- 110880)
2. ചന്തിരൂർ ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീമതി.ഷൈനിമോൾ വി.വി യുടെ രണ്ട് അർദ്ധവർഷത്തേയും വരുമാനത്തിൽ ബോണസ് തുകകൾ ഉൾപ്പെടുത്തി കാണുന്നില്ല. (ഒന്നാം അർദ്ധവർഷ വരുമാനം- 122630/-; രണ്ടാം അർദ്ധവർഷ വരുമാനം- 120960/-; അടച്ച നികുതി- 1000/-രൂപ വീതം രണ്ട് അർദ്ധവർഷത്തേയ്ക്ക്)

ടി വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും തുടർ റിട്ടേണുകളിൽ ഇപ്രകാരമുള്ള വീഴ്ച ഉണ്ടാകാതെ സൂക്ഷിക്കുന്നതാണ് എന്ന് ഓഡിറ്റന്വേഷത്തിന് മറുപടി നൽകിയിട്ടുണ്ട്.

## 2-9 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് മൂലം വൻ വരുമാന നഷ്ടം

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (2016-17 സാമ്പത്തിക വർഷം)

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|---|
| 1 | സീ ബേ എക്സ്പോർട്ട്സ് (പ്രൈ, ലിമിറ്റഡ്), അരൂർ | 7 ജീവനക്കാരിൽ നിന്ന് 4400/-രൂപ ഒടുക്കിയിട്ടുണ്ട്. | ഒടുക്കിയിട്ടില്ല. |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, അരൂർ | 4 ജീവനക്കാരിൽ നിന്ന് 1800/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 3 | കോളുതറ എക്സ്പോർട്ട്സ് ലിമിറ്റഡ് | 40 ജീവനക്കാരിൽ നിന്ന് 27200/-രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 4 | പാറയിൽ ഫുഡ് പ്രോഡക്ടസ് പ്രൈവറ്റ് ലിമിറ്റഡ് | 63ജീവനക്കാരിൽ നിന്ന് 32760/-രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 5 | ശ്രീറാം ഡിസ്ട്രിബ്യൂഷൻ സർവ്വീസസ് പ്രൈവറ്റ് | 7 ജീവനക്കാരിൽ നിന്ന് 4580/-രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | ലിമിറ്റഡ് | | |
| 6 | ആർബി അക്വാറ്റിക് പ്രോട്ടീൻസ് പ്രൈവറ്റ് ലിമിറ്റഡ് | 26 ജീവനക്കാരിൽ നിന്ന് 16750/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 7 | മംഗള സീ ഫുഡ്സ് അരൂർ | ഒടുക്കിയിട്ടില്ല. | 104 ജീവനക്കാരിൽ നിന്ന് 64900/- രൂപ ഒടുക്കിയിട്ടുണ്ട് |
| 8 | യൂണിയൻ ബാങ്ക്, ചന്തിരൂർ | ഒടുക്കിയിട്ടില്ല. | 6 ജീവനക്കാരിൽ നിന്ന് 7250/- രൂപ ഒടുക്കിയിട്ടുണ്ട് |
| 9 | കെ.എസ്.ഇ.ബി, അരൂർ | 10 ജീവനക്കാരിൽ നിന്ന് 12500/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 10 | ഫ്രിഗോ, മംഗള മറൈൻ എക്സിം(I) പ്രൈവറ്റ് ലിമിറ്റഡ് | ഒടുക്കിയിട്ടില്ല. | 19ജീവനക്കാരിൽ നിന്ന് 11900/- രൂപ ഒടുക്കിയിട്ടുണ്ട് |
| 11 | ജോവൻ ഫുഡ് & ട്രേഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 3 ജീവനക്കാരിൽ നിന്ന് 2750/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 12 | പോസ്റ്റോഫീസ്, ചന്തിരൂർ | ഒടുക്കിയിട്ടില്ല. | 3 ജീവനക്കാരിൽ നിന്ന് 2100/- രൂപ ഒടുക്കിയിട്ടുണ്ട് |
| 13 | സൌത്ത് ഇന്ത്യൻ ബാങ്ക്, അരൂർ | 7 ജീവനക്കാരിൽ നിന്ന് 7800/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 14 | ചന്തിരൂർ സർവീസ് സഹകരണ ബാങ്ക്-959 | ഒടുക്കിയിട്ടില്ല | 11ജീവനക്കാരിൽ നിന്ന് 12500/- രൂപ ഒടുക്കിയിട്ടുണ്ട് |
| 15 | ലക്ഷ്മി | ഒടുക്കിയിട്ടില്ല | ഒടുക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | ഹോസ്പിറ്റൽ അരൂർ | | |
| 16 | ശ്രീവാസ് എക്സ്പോർട്ട്സ് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് | ഒടുക്കിയിട്ടില്ല | ഒടുക്കിയിട്ടില്ല |
| 17 | ഇന്റഗ്രേറ്റഡ് റൂബിയൻ എക്സ്പോർട്ട്സ് ലിമിറ്റഡ് | (രണ്ടാം അർദ്ധവർഷം മാത്രം ബാധകം) | ഒടുക്കിയിട്ടില്ല |
| 18 | സീ ഫ്രഷ് എക്സ്പോർട്ട്സ് ലിമിറ്റഡ് | ഒടുക്കിയിട്ടില്ല. | 16ജീവനക്കാരിൽ നിന്ന് 1080/- രൂപ ഒടുക്കിയിട്ടുണ്ട് |
| 19 | ത്രീ സ്റ്റാർ മറൈൻ എക്സ്പോർട്ട്സ് | ഒടുക്കിയിട്ടില്ല | ഒടുക്കിയിട്ടില്ല |
| 20 | ആർബി അക്വാട്ടിക് പ്രോട്ടീൻസ് പ്രൈവറ്റ് ലിമിറ്റഡ് | 26ജീവനക്കാരിൽ നിന്ന് 16750/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |

3.പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെപറയുന്നസ്ഥാപനങ്ങൾ തൻവർഷം സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി ഒടുക്കേണ്ടുന്ന അർദ്ധവർഷം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | ക്ലാസിക് പെയിന്റ്സ്, അരൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 2 | വരുൺ പെയിന്റ്സ് പ്രൈ.ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 1250/- |
| 3 | സീ ബേ എക്സ്പോർട്ട്സ്(പ്രൈ, ലിമിറ്റഡ്),അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 4 | ബി.എസ്.എൻ.എൽ, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 5 | സപ്ലൈകോ ലാഭം | ഒന്നും രണ്ടും | 2500/- |

| | | | |
|---|---|---|---|
| | സൂപ്പർ മാർക്കറ്റ്, അത്രൂർ | അർദ്ധവർഷം | |
| 6 | എം.എം ടി.വി., അത്രൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 7 | ഫ്രിഗോ, മംഗള മറൈൻ എക്സിം(I) പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 1250/- |
| 8 | ഭാറ്റ്സൺസ് അക്വാട്ടിക് പ്രോഡക്ട്സ് - യൂണിറ്റ് 2 (മംഗള മറൈൻ എക്സിം) | രണ്ടാം അർദ്ധവർഷം | 1250/- |
| 9 | മംഗള സീ ഫുഡ്സ് പ്രോഡക്ട്സ്, അത്രൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 10 | മംഗള സീ ഫുഡ്സ്, അത്രൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 11 | കെ.എസ്.ഇ.ബി. അത്രൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 12 | ബി.എസ്.എൻ.എൽ, അത്രൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 13 | സീ ഫുഡ് പാർക്ക്, അത്രൂർ | ഒന്നാം അർദ്ധവർഷം | 1250/- |
| 14 | മംഗള സീ പ്രോഡക്ട്സ്, അത്രൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 15 | കെ.എസ്.എഫ്.ഇ, അത്രൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 16 | മുത്തൂറ്റ് ഫിൻകോർപ്പ്, അത്രൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 17 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, ചന്തിരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 18 | ആലപ്പുഴ ജില്ലാസഹകരണ ബാങ്ക്, അത്രൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 19 | നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, അത്രൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 20 | മാലി കെം ഇൻഡസ്ട്രീസ്, അത്രൂർ | ഒന്നാം അർദ്ധവർഷം+ രണ്ടാം | (1250+650) |

| | | | |
|---|---|---|---|
| | | അർദ്ധവർഷ കുടിശ്ശിക | |
| 21 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 22 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 23 | കാപ്സുലേഷൻ &ഫാർമസ്യൂട്ടിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 24 | കാനറ ബാങ്ക്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 25 | സരസ്വതി മെറ്റൽ ഇൻഡസ്ട്രീസ്, അരൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 26 | യൂണിവേഴ്സൽ ഓലീയോറിസൈൻസ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 27 | ഐസിഐസിഐ ബാങ്ക്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 28 | അബാദ് എക്സ്പോർട്ട്സ് (കോൾഡ് സ്റ്റോർ, ചന്തിരൂർ) | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 29 | അബാദ് എക്സ്പോർട്ട്സ്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 30 | അബാദ് ഫിഷറീസ് പ്രൈവറ്റ് ലിമിറ്റഡ്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 31 | കോളുതറ എക്സ്പോർട്ട്സ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 32 | M/s നിറ്റ ജലാറ്റിൻ ഇൻഡ്യ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 1250/- |
| 33 | അപരാജിത ഡൈനാമിക് സിനർജിസ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 34 | പെൻവർ പ്രോഡക്ടസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 1250/- |
| 35 | ജോവാൻ ഫുഡ്സ് & ട്രേഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 1250/- |

| | | | |
|---|---|---|---|
| 36 | എലൈറ്റ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 37 | അശ്വതി സ്പൺ പൈപ്പ്സ് അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 38 | ആക്സിലറേറ്റഡ് ഫ്രീസ് ഡ്രൈയിംഗ് കമ്പനി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 39 | കോഡ് ഇൻഡസ്ട്രിയൽ കെമിക്കൽസ് (പ്രിന്റിംഗ് & പാക്കേജിംഗ് ഫാക്ടറി) | രണ്ടാം അർദ്ധവർഷം | 1250/- |
| 40 | കെൽട്രോൺ ടൂൾ റൂം ട്രെയിനിംഗ് സെന്റർ,അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 41 | കൊശമറ്റം ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250/- |
| 42 | സൂപ്പർ പാക്കേജിംഗ് ഇൻഡസ്ട്രീസ്,അരൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 43 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 44 | വിസ്റ്റ ഡ്രൈവ് ലൈൻ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചന്തിരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 45 | ഫെഡറൽ ബാങ്ക് ലിമിറ്റഡ് അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 46 | പാറയിൽ ഫുഡ് പ്രോഡക്ട്സ് | രണ്ടാം അർദ്ധവർഷം | 1250/- |
| 47 | ശ്രീറാം ഡിസ്ട്രിബ്യൂഷൻ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 1250/- |
| 48 | ഇസാഫ് മൈക്രോഫിനാൻസ് &ഇൻവെസ്റ്റ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 49 | അരൂർ സെൻട്രൽ SCB | ഒന്നും രണ്ടും | 2500/- |

| | | | |
|---|---|---|---|
| | no-617 | അർദ്ധവർഷം | |
| 50 | ചന്തിരൂർ സർവ്വീസ് സഹകരണ ബാങ്ക്-959 | ഒന്നാം അർദ്ധവർഷം | 1250/- |
| 51 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 52 | ബ്രിസ്റ്റോൾ ബോട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 53 | ഹിസ്പാൻ ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 54 | ബേബി മറൈൻ ഈസ്റ്റേൺ എക്സ്പോർട്ട്സ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 55 | ഹൈടെക് കോട്ടിംഗ്സ്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 56 | ഇന്റഗ്രേറ്റഡ് റൂബിയൻ എക്സ്പോർട്ട്സ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 57 | സീ ഫ്രെഷ് എക്സ്പോർട്ട്സ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 58 | സിൻഡിക്കേറ്റ് ബാങ്ക് അരൂർ | ഒന്നാം അർദ്ധവർഷം | 1250/- |
| 59 | ഗ്രാന്റ് മറൈൻ ഫുഡ്സ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 60 | മലയാള മനോരമ അരൂർ യൂണിറ്റ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 61 | അമാൽഗം ഫ്രോസൻ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, അരൂർ | ഒന്നാം അർദ്ധവർഷം | 1250/- |
| 62 | ഗ്രാന്റ് മറൈൻ ഫുഡ്സ്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 63 | അക്വാജനോ എക്സി | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 64 | അരൂർ ഗ്രാമീണ സർവ്വീസ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 65 | റിഫോംസ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 66 | രാജവൽസം | ഒന്നും രണ്ടും | 2500/- |

| | | | |
|---|---|---|---|
| | മോട്ടോർസ് | അർദ്ധവർഷം | |
| 67 | സതേൺ റെയിൽവേ, അരൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 68 | ജിയോ വി പി എൽ ഫിനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 1250/- |
| 69 | എ വി റ്റി McCORMIC Ingredients (p) Ltd | രണ്ടാം അർദ്ധവർഷം | 1250/- |
| 70 | ജിയോ കെം ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 1250/- |
| | 31250 | ആകെ | 1,44,400/- |

സ്ഥാപനങ്ങളുടെ നികുതി ഈടാക്കാൻ അടിയന്തരനടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി, മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്നു വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമായി നിലനിൽക്കുന്ന നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

അരൂർ ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 13.09.2013 മുതൽ 09.06.2014വരെ 26125/-രൂപ (1500+5625+1500+5000+12500) ഇപ്രകാരം കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-11 പെർമിറ്റ് ഫീസും വസ്തു നികുതിയും ഈടാക്കിയതിൽ കുറവ്

സുരേഷ്, കാപ്പാശ്ശേരിൽപ്പറമ്പിൽ, സുധീർ.ആർ കമ്മത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള 6-ാം വാർഡിൽ ഗ്രൗണ്ട്ഫ്ലോർ ഉൾപ്പെടെ 4 നിലകളിലായിട്ടുള്ള പാർപ്പിട സമുച്ചയത്തിലെ(ഗേറ്റ് വേ എൻക്ലേവ്) 27 ഫ്ലാറ്റുകളുടെ നികുതി അസസ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

എ).C3-9147/12 തീയതി 08-11-12 -ാം നമ്പർ പെർമിറ്റ് പ്രകാരം 3684.29 $m^2$ വിസ്തീർണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. ഇതിന് 11053/- രൂപ പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ട്. അരൂർ വില്ലേജിലെ 33/32 -ാം സർവ്വേ നമ്പറിൽപ്പെട്ട 45.928 സെന്റ് (1858.71$m^2$) സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ നികുതിഅസസ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച പ്ലാൻ പ്രകാരമുള്ള തറവിസ്തീർണം ചുവടെ കൊടുക്കുന്നു.

| | പ്ലിന്ത് ഏരിയ($m^2$) | FARകാൽക്കുലേഷനുള്ള ഏരിയ ($m^2$) |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 870.01 | 450.35 |
| ഫസ്റ്റ് ഫ്ലോർ | 928.18 | 851.97 |
| സെക്കന്റ് ഫ്ലോർ | 928.18 | 851.97 |
| തേർഡ് ഫ്ലോർ | 928.18 | 851.97 |
| ടെറസ് ഫ്ലോർ | 60.86 | 60.86 |
| മെഷീൻ റൂം | 20.15 | 20.15 |
| | 3735.56 | 3087.27 |

ഇതനുസരിച്ച് കണക്കാക്കിയ FAR 1.66എന്നാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലുള്ള അസസ്മെന്റ് രജിസ്റ്റർ പ്രകാരം 4 നിലകളിലായി വരുന്ന 27 ഫ്ളാറ്റുകളുടെ തറ വിസ്തീർണം ചുവടെ കൊടുക്കുന്നു.

| | പ്ലിന്ത് ഏരിയ |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 450.30$m^2$ (42.28 $m^2$ വിസ്തീർണമുള്ള ഇലക്ട്രിക്കൽറൂം ഉൾപ്പെടെ) |
| ഫസ്റ്റ് ഫ്ലോർ | 1092.44$m^2$ |
| സെക്കന്റ് ഫ്ലോർ | 1092.44$m^2$ |
| തേർഡ് ഫ്ലോർ | 1092.44$m^2$ |
| | 3736.62 $m^2$ |

മേൽപ്പറഞ്ഞ അളവിൽ ലിഫ്റ്റ്, കെട്ടിടത്തിന്റെ ഉള്ളിലൂടെയുള്ള രണ്ട് സ്റ്റെയർകേസുകൾ, ഗ്രൗണ്ട് ഫ്ലോറിൽ നിർമ്മിച്ചിട്ടുള്ള 38.073 $m^2$ വിസ്തീർണമുള്ള മുറി എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞവ ഉൾപ്പെടുത്തുമ്പോൾ പെർമിറ്റ് നൽകുന്നതിന് കണക്കാക്കുന്ന പ്ലിന്ത് ഏരിയയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | പ്ലിന്ത് ഏരിയ ($m^2$) | FARകാൽക്കുലേഷനുള്ള ഏരിയ ($m^2$) # |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 870.35 | (450.39 – 42.28) + 38.073 = 446.183 |
| ഫസ്റ്റ് ഫ്ലോർ | 1092.44 | 1015.79 |

| | | |
|---|---|---|
| സെക്കന്റ് ഫ്ലോർ | 1092.44 | 1015.79 |
| തേർഡ് ഫ്ലോർ | 1092.44 | 1015.79 |
| സ്റ്റെയർകേസുകൾ | 115.344 | 115.344 |
| ലിഫ്റ്റ് | 4.75 | 4.75 |
| ആകെ | 4267.42 | 3613.647 |

# (പാർക്കിംഗ് ഏരിയ, ഡക്റ്റ്, ബാൽക്കണി/പാസ്സേജ് 50% ഒഴികെ )

ഇത് പ്രകാരം വരുന്ന FAR --- 3613.647 /1858.71 = 1.944

കാറ്റഗറി II വിഭാഗത്തിൽ ഉൾപ്പെട്ട അശ്രൂർ ഗ്രാമപഞ്ചായത്തിൽ AI വിഭാഗത്തിൽപ്പെടുന്ന 300m$^2$ -ൽ കൂടുതൽ വരുന്ന നിർമ്മാണത്തിന് പരമാവധി അനുവദനീയമായ FAR - 1.75 ആണ്. പരിധി കഴിഞ്ഞുള്ള നിർമ്മാണത്തിന് ഉയർന്ന നിരക്കിൽ പെർമിറ്റ് ഫീസ് വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് FARപ്രകാരം വാങ്ങേണ്ട അധിക ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഈടാക്കേണ്ട പെർമിറ്റ് ഫീസിന്റെ വിവരം

FAR പരിധി കഴിഞ്ഞുള്ള

നിർമ്മാണത്തിന്റെ ഏരിയ – (1.944 – 1.75 ) X 1858.71

=0.194 X 1858.71

= 360.59 m$^2$

കാറ്റഗറി II വിഭാഗത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിൽ AI വിഭാഗത്തിൽപ്പെടുന്ന 300m$^2$ -ൽ കൂടുതൽ വരുന്ന നിർമ്മാണത്തിന് ഓരോ ചതുരശ്ര മീറ്ററിനും 500/- രൂപ എന്ന തോതിൽ ഒടുക്കേണ്ട ഫീസ് - 360.59 x 500 = 180295/-

FAR 1.75 വരെ വരുന്ന തറവിസ്തീർണ്ണം : 1.75x1858.71 = 3253m$^2$

| | | |
|---|---|---|
| ആകെ ഒടുക്കേണ്ട പെർമിറ്റ് ഫീസ് | : (3253x3)+180295 = 190054 | |
| ഒടുക്കിയത് | : | 11053 |
| കുറവ് | : | 179001 |

പെർമിറ്റ് ഫീസിനത്തിൽ കുറവുവന്ന തുക ഈടാക്കേണ്ടതാണ്.

ബി).അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ അസസ് ചെയ്തിരിക്കുന്ന കെട്ടിടത്തിന്റെ പ്രവേശന മാർഗ്ഗത്തിലുള്ള റോഡിന്റെ വീതി 1.5 മീറ്ററിൽ കൂടുതൽ എന്ന് കാണിച്ച് യാതൊരു വർദ്ധനവും വരുത്താതെ അടിസ്ഥാന വസ്തു നികുതി മാത്രമാണ് ചുമത്തിയിട്ടുള്ളത്. ഉടമസ്ഥന്റെ അപേക്ഷയിലും NOC യിലും പ്രവേശന മാർഗ്ഗത്തിലുള്ള റോഡിന്റെ വീതി 7.5 മീറ്റർ (അശ്രൂർ-അശ്രുക്കുറ്റി റോഡ്) ആണെന്നാണ് കാണിച്ചിട്ടുള്ളത്. പ്രവേശന മാർഗ്ഗത്തിലുള്ള റോഡിന്റെ വീതി 5 മീറ്ററിൽ കൂടുതലാണെങ്കിൽ അടിസ്ഥാന വസ്തു നികുതിയുടെ 20% വർദ്ധനവ് വരുത്തേണ്ടതാണ്. ഇതനുസരിച്ച് വരുന്ന വസ്തു നികുതിയുടെ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണം ($M^2$) | ചുമത്തിയ നികുതി + ലൈ. സെസ് | ചുമത്തേണ്ടനികുതി + ലൈ. സെസ് | കുറവ് |
|---|---|---|---|---|
| 91/A2 | 128.9 | 903 +46 = 949 | 1084+54 =1138 | 189 |
| 91/A3 | 128.9 | 903 +46 =949 | 1084+54 =1138 | 189 |
| 91/A4 | 159.22 | 1115+56 = 1171 | 1338+67 = 1405 | 234 |
| 91/B1 | 164.64 | 1153 +58 =1211 | 1384+69 = 1453 | 242 |
| 91/B2 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/B3 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/B4 | 119.40 | 836+42= 878 | 1003+50 = 1053 | 175 |
| 91/B5 | 119.40 | 836+42= 878 | 1003+50 = 1053 | 175 |
| 91/B6 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/B7 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/B8 | 164.64 | 1153 +58 =1211 | 1384+69 = 1453 | 242 |
| 91/C1 | 164.64 | 1153 +58 =1211 | 1384+69 = 1453 | 242 |
| 91/C2 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/C3 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/C4 | 119.40 | 836+42= 878 | 1003+50 = 1053 | 175 |
| 91/C5 | 119.40 | 836+42= 878 | 1003+50 = 1053 | 175 |
| 91/C6 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/C7 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/C8 | 164.64 | 1153 +58 =1211 | 1384+69 = 1453 | 242 |
| 91/D1 | 164.64 | 1153 +58 =1211 | 1384+69 = 1453 | 242 |
| 91/D2 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/D3 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/D4 | 119.40 | 836+42= 878 | 1003+50 = 1053 | 175 |
| 91/D5 | 119.40 | 836+42= 878 | 1003+50 = 1053 | 175 |
| 91/D6 | 131.09 | 918+46=964 | 1102+55 = 1157 | 193 |
| 91/D7 | 131.09 | 918 +46 =964 | 1102+55 = 1157 | 193 |
| 91/D8 | 164.64 | 1153 +58 =1211 | 1384+69 = 1453 | 242 |
| ആകെ | | 27171 | 32601 | 5430 |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നികുതി പുനർ നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. അസസ്മെന്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും കുറവ് വന്ന തുക ഈടാക്കേണ്ടതുമാണ്.

സി) 42.28$M^2$ വിസ്തീർണമുള്ള ഇലക്ട്രിക്കൽറൂമിന് 91/A1 എന്ന് നമ്പർ നൽകിയിട്ടുണ്ടെങ്കിലും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഇത് കൂടാതെ, ഗ്രൗണ്ട് ഫ്ലോറിൽ നിർമ്മിച്ചിട്ടുള്ള 38.073 $m^2$ വിസ്തീർണമുള്ള മുറിയക്ക് നികുതി ചുമത്തിയിട്ടുമില്ല. ഇവയ്ക്ക് താഴെപ്പറയും പ്രകാരം നികുതി ചുമത്തേണ്ടതാണ്.

| | വിസ്തീർണം | ചുമത്തേണ്ട നികുതി+ ലൈ. സെസ് @50/$m^2$ |
|---|---|---|
| ഇലക്ട്രിക്കൽറൂം | 42.28$m^2$ | 2114 +106 = 2220 |
| ഗ്രൗണ്ട് ഫ്ലോറിൽ നിർമ്മിച്ചിട്ടുള്ള മുറി | 38.073 $m^2$ | 1904+95 = 1999 |
| ആകെ | | 4219 |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നികുതി നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. അസസ്മെന്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും കുറവ് വന്ന തുക ഈടാക്കേണ്ടതുമാണ്.

ഡി)ഒക്കുപെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഉടമസ്ഥൻ നൽകിയ അപേക്ഷയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് 18-12-15തീയതിയിലാണെന്ന് പറയുന്നു. എന്നാൽ നികുതി അസസ് ചെയ്തിരിക്കുന്നത് 16-17 മുതൽക്കാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച തീയതി 18-12-15 ആയതിനാൽ 2015-16 രണ്ടാം അർദ്ധ വർഷം മുതൽ നികുതി ചുമത്തേണ്ടതാണ്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ താഴെപ്പറയും വിധം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | ഒരു വർഷം ചുമത്തേണ്ട നികുതി + ലൈ.സെസ് | ഒരു അർദ്ധവർഷം ചുമത്തേണ്ട നികുതി + ലൈ. സെസ് | കുറവ് |
|---|---|---|---|
| 91/A2 – A4<br>91/B1-B8<br>91/C1-C8<br>91/D1-D8 | 32601 | 16301 | 16301 |
| ഇലക്ട്രിക്കൽറൂം | 2220 | 1110 | 1110 |
| ഗ്രൗണ്ട് ഫ്ലോറിൽ നിർമ്മിച്ചിട്ടുള്ള മുറി | 1999 | 1000 | 1000 |
| ആകെ | | | 18411 |

എഫ്)കെട്ടിട നിർമ്മാണം പൂർത്തീകരിച്ച പ്ലാൻ പ്രകാരം ടി പ്ലോട്ടിൽ 248.83 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ടി നിർമ്മാണത്തിന് പെർമിറ്റ് വാങ്ങിയിട്ടില്ല. C3-9147/12 തീയതി 08-11-12 -ാം നമ്പർ പെർമിറ്റ് പ്രകാരം 3684.29 $m^2$ വിസ്തീർണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമാണ് പെർമിറ്റ് നൽകിയിരിക്കുന്നത്. അതിനാൽ ചുറ്റുമതിൽ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്.
ആകെ കുറവു വന്ന തുകയുടെ സംക്ഷിപ്തം ചുവടെ

| ഉപ ഖണ്ഡിക | തുക |
|---|---|
| എ | 179001 |
| ബി | 5430 |
| സി | 4219 |
| ഡി | 18411 |
| ആകെ | 207061 |

ടി തുക കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുറവു വന്ന തുക ഈടാക്കുന്നതാണെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

## 2-12 ആംബുലൻസ് വരവ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല: നഷ്ടം 91200/-

പഞ്ചായത്തിന്റെ കീഴിൽ KL-4 32D 5126, KL-04T 6649 എന്നീ രണ്ട് ആംബുലൻസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ശമ്പളം, ഇന്ധനം, അറ്റകുറ്റപ്പണികൾ എന്നീയിനങ്ങളിൽ 2016-17 സാമ്പത്തിക വർഷം മാത്രം ഈ ആംബുലൻസുകൾക്കായി പഞ്ചായത്ത് 5,06,491/-രൂ. ചെലവഴിച്ചിട്ടുണ്ട്. ഈ രണ്ട് വാഹനങ്ങളിൽ നിന്നും 2016-17 ൽ ലഭിച്ച ആകെ വരവ് രസീത് ബുക്ക് പ്രകാരം 31,540/- രൂ. മാത്രമാണ്. കിട്ടുന്ന പണം കൃത്യസമയത്ത് അടയ്ക്കാറില്ല എന്ന് മാത്രമല്ല, മുഴുവൻ പണവും പഞ്ചായത്തിൽ അടയ്ക്കുന്നുമില്ല. കൃത്യമായി ലോഗ് ബുക്ക് എഴുതാറില്ല. ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കാറില്ല. മൈലേജ് ടെസ്റ്റ് നടത്തിയിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ ആംബുലൻസുകൾ സർവ്വീസ് നടത്തുന്നത് കൊണ്ട് നേട്ടം ദിവസവേതനക്കാരായ ഡ്രൈവർമാർക്ക് മാത്രമാണെന്ന് കാണാം. ഡ്രൈവർമാർക്ക് കൃത്യമായി ശമ്പളം നൽകുന്നതും, (17550x2) വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതും, അറ്റകുറ്റപ്പണികൾ നടത്തുന്നതും പഞ്ചായത്തിന്റെ പണമുപയോഗിച്ച്, എന്നാൽ ഈ വാഹനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് ഒരു ബൈലോ തയ്യാറാക്കുന്നതിനോ, ഇതിന്റെ നടത്തിപ്പിൽ സംഭവിച്ച ഗുരുതരമായ വീഴ്ച കണ്ടെത്തുവാനോ അധികൃതരുടെ ഭാഗത്തുനിന്നും യാതൊരു നീക്കവുമുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

KL-04T 6649 മാരുതി ഒമ്നി വാൻ

ഈ ആംബുലൻസ് പാലിയേറ്റീവ് കെയറിന്റെ ആവശ്യങ്ങൾക്ക് കൂടി ഉപയോഗിക്കുന്നുവെന്നാണ് പറയുന്നത്. എന്നാൽ പാലിയേറ്റീവ് കെയറിന്റെ ഫയൽ പരിശോധിച്ചതിൽ 41,000/- രൂ. വാഹനവാടകയിനത്തിൽ അവിടെ ചെലവഴിച്ചിട്ടുണ്ടെന്നു കാണാം. പാലിയേറ്റീവ് കെയറിന്റെ ആവശ്യങ്ങൾക്ക് ഒഴികെയുള്ള ദിവസങ്ങളിൽ ഓട്ടം പോയ ഇനത്തിൽ രസീത് പ്രകാരം 1910/-രൂ. മാത്രമാണ് വരവ്. അതാകട്ടെ പഞ്ചായത്തിൽ അടച്ചിട്ടുമില്ല. ആദ്യത്തെ 40 കി.മീ. ന് 650/-രൂപയും, പിന്നീടുള്ള ഒരോ കിലോമീറ്ററിനും 10/-രൂ. പ്രകാരവുമാണ് ഈ വാഹനത്തിന് വാടക ഈടാക്കുന്നത്. ഇതനുസരിച്ച് ലോഗ് ബുക്ക് പരിശോധിച്ചതിൽ, അതിൽ എഴുതിയിട്ടുള്ള കിലോമീറ്ററിന്റെ കണക്ക് പ്രകാരം ഈ ആംബുലൻസ് 29,200/- രൂപയുടെ ഓട്ടം പോയിട്ടുണ്ട്. 30-08-2006 ലാണ് ഈ ആംബുലൻസ് അവസാനമായി മൈലേജ് ടെസ്റ്റ് നടത്തിയത്.

ലോഗ് ബുക്ക് പ്രകാരം KL04T6649 നമ്പർ വാഹനം സഞ്ചരിച്ച ദൂരവും ലഭ്യമാകേണ്ട വാടകയും

| തിയതി | സഞ്ചരിച്ച കി.മീ. | യാത്ര ചെയ്ത സ്ഥലം | തുക |
|---|---|---|---|
| 26-07-16 | 30 | അരൂർ-എരമല്ലൂർ | 650 |
| 27-07-16 | 28 | അരൂർ-ലേക്ക്ഷോർ | 650 |
| 28-07-16 | 40 | അരൂർ-ലേക്ക്ഷോർ | 650 |
| 30-07-16 | 48 | അരൂർ-പെരുമ്പടപ്പ് | 730 |
| 01-08-16 | 29 | അരൂർ-ഉറവൂർ | 650 |
| 03-08-16 | 65 | അരൂർ-ഉറവൂർ | 900 |
| 05-08-16 | 60 | അരൂർ-എറണാകുളം | 850 |
| 28-09-16 | 48 | അരൂർ-എറണാകുളം | 730 |
| 21-10-16 | 45 | അരൂർ-എറണാകുളം | 700 |
| 08-11-16 | 40 | അരൂർ-എറണാകുളം | 650 |
| 14-11-16 | 166 | എറണാകുളം-വണ്ടാനം | 1910 |
| 21-11-16 | 10 | അരൂർ-ശ്മശാനം | 650 |
| 21-11-16 | 44 | അരൂർ-ഉറവൂർ | 690 |
| 22-11-16 | 40 | അരൂർ-ഉറവൂർ | 650 |
| 02-12-16 | 29 | അരൂർ-എറണാകുളം | 650 |
| 03-12-16 | 40 | അരൂർ-എറണാകുളം | 650 |
| 15-12-16 | 49 | അരൂർ-എറണാകുളം | 740 |
| 16-12-16 | 60 | അരൂർ-എറണാകുളം | 850 |
| 16-12-16 | 50 | അരൂർ-എറണാകുളം | 750 |
| 23-12-16 | 49 | അരൂർ-എറണാകുളം | 680 |
| 25-12-16 | 50 | അരൂർ-എറണാകുളം | 750 |
| 25-12-16 | 42 | അരൂർ-എറണാകുളം | 670 |
| 26-12-16 | 50 | അരൂർ-എറണാകുളം | 750 |
| 29-12-16 | 46 | അരൂർ-എറണാകുളം | 710 |
| 31-12-16 | 79 | അരൂർ-എറണാകുളം | 1040 |
| 01-01-17 | 51 | അരൂർ-എറണാകുളം | 760 |
| 03-01-17 | 130 | അരൂർ-വണ്ടാനം | 1550 |
| 04-01-17 | 83 | അരൂർ-എറണാകുളം | 1080 |
| 04-01-17 | 112 | അരൂർ-എറണാകുളം | 1370 |
| 05-01-17 | 120 | അരൂർ-വണ്ടാനം | 1460 |

| | | | |
|---|---|---|---|
| 06-01-17 | 40 | അരൂർ-എറണാകുളം | 650 |
| 11-01-17 | 43 | അരൂർ-എറണാകുളം | 680 |
| 14-01-17 | 45 | അരൂർ-എറണാകുളം | 650 |
| 18-01-17 | 40 | അരൂർ-എറണാകുളം | 650 |
| 19-01-17 | 140 | അരൂർ-വണ്ടാനം | 1050 |
| | | ആകെ | 29200 |

KL-4 32D 5126ടാറ്റാ വിങ്ങർ

ടാറ്റാ വിങ്ങറിന്റെ ഈ ആംബുലൻസിൽ നിന്ന് 2016-17 ലഭിച്ച വരവ് 31,910/- രൂ. ഇത് രസീത് പ്രകാരമുള്ള വരവാണ്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഈ ആംബുലൻസ് 93,910/- രൂപയുടെ ഓട്ടം നടത്തിയിട്ടുണ്ടെന്ന കാണാം. ആദ്യത്തെ 40 കി.മീ. ന് 650/- രൂപയും, പിന്നീട്ടുള്ള ഒരോ കിലോമീറ്ററിനും 15/- രൂ. പ്രകാരവുമാണ് ഈ വാഹനത്തിന് വാടക ഈടാക്കുന്നത്. എത്രയാണ് ഈ വാഹനത്തിന്റെ മൈലേജെന്നോ, എത്ര ഇന്ധനം ഈ വാഹനത്തിൽ നിറയ്ക്കുന്നവെന്നോ ഉള്ള വിവരങ്ങളൊന്നും ലഭ്യമല്ല. മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

ലോഗ് ബുക്ക് പ്രകാരം KL-32 D-5126 നമ്പർ വാഹനം സഞ്ചരിച്ച ദൂരവും ലഭ്യമാകേണ്ട വാടകയും

| തിയതി | സഞ്ചരിച്ച കീ.മീ. | യാത്ര ചെയ്ത സ്ഥലം | തുക |
|---|---|---|---|
| 01-04-16 | 37 | അരൂർ-എറണാകുളം | 650 |
| 04-04-16 | 120 | അരൂർ-കോട്ടയം | 1850 |
| 06-04-16 | 34 | അരൂർ-ലേക്ക്ഷോർ | 650 |
| 06-04-16 | 70 | അരൂർ-കളമശ്ശേരി | 1100 |
| 22-04-16 | 28 | അരൂർ-എറണാകുളം | 650 |
| 22-04-16 | 37 | അരൂർ-അരൂക്കുറ്റി | 650 |
| 22-04-16 | 38 | അരൂർ-ചന്തിരൂർ | 650 |
| 24-04-16 | 36 | അരൂർ-എറണാകുളം | 650 |
| 25-04-16 | 48 | അരൂർ-എറണാകുളം | 770 |
| 26-04-16 | 28 | അരൂർ-നെട്ടൂർ | 650 |
| 01-05-16 | 44 | അരൂർ-എറണാകുളം | 710 |
| 02-05-16 | 111 | അരൂർ-കോട്ടയം | 1715 |
| 03-05-16 | 51 | ചന്തിരൂർ-എറണാകുളം | 815 |
| 03-05-16 | 23 | അരൂർ-ശ്മശാനം | 650 |
| 04-05-16 | 55 | അരൂർ-എറണാകുളം | 815 |
| 04-05-16 | 33 | അരൂർ-എറണാകുളം | 650 |
| 05-05-16 | 30 | അരൂർ-എറണാകുളം | 650 |

| | | | |
|---|---|---|---|
| 05-05-16 | 30 | അത്രൂർ-എറണാകുളം | 650 |
| 15-05-16 | 31 | അത്രൂർ-എറണാകുളം | 650 |
| 15-05-16 | 55 | അത്രൂർ-എറണാകുളം | 815 |
| 16-05-16 | 43 | അത്രൂർ-എറണാകുളം | 695 |
| 17-05-16 | 112 | അത്രൂർ-എറണാകുളം | 1730 |
| 18-05-16 | 15 | അത്രൂർ-ശ്മശാനം | 650 |
| 18-05-16 | 47 | അത്രൂർ-എറണാകുളം | 755 |
| 20-05-16 | 40 | അത്രൂർ-എറണാകുളം | 650 |
| 22-05-16 | 40 | അത്രൂർ-എറണാകുളം | 650 |
| 22-05-16 | 49 | അത്രൂർ-എറണാകുളം | 785 |
| 23-05-16 | 49 | അത്രൂർ-എറണാകുളം | 785 |
| 24-05-16 | 68 | അത്രൂർ-എറണാകുളം | 1070 |
| 25-05-16 | 57 | അത്രൂർ-എറണാകുളം | 905 |
| 27-05-16 | 71 | അത്രൂർ-എറണാകുളം | 1115 |
| 28-05-16 | 110 | അത്രൂർ-കോട്ടയം | 1700 |
| 29-05-16 | 20 | അത്രൂർ-എറണാകുളം | 650 |
| 30-05-16 | 40 | അത്രൂർ-എറണാകുളം | 650 |
| 01-06-16 | 50 | അത്രൂർ-എറണാകുളം | 800 |
| 02-06-16 | 40 | അത്രൂർ-എറണാകുളം | 650 |
| 03-06-16 | 38 | അത്രൂർ-എറണാകുളം | 650 |
| 04-06-16 | 44 | അത്രൂർ-എറണാകുളം | 710 |
| 05-06-16 | 34 | അത്രൂർ-എറണാകുളം | 650 |
| 05-06-16 | 45 | അത്രൂർ-എറണാകുളം | 725 |
| 06-06-16 | 24 | അത്രൂർ-ശ്മശാനം | 650 |
| 06-06-16 | 39 | അത്രൂർ-എറണാകുളം | 650 |
| 07-06-16 | 69 | അത്രൂർ-ചേർത്തല | 1085 |
| 13-06-16 | 45 | അത്രൂർ-എറണാകുളം | 725 |
| 14-06-16 | 55 | ചന്ദിരൂർ-ഇടപ്പള്ളി | 875 |
| 17-06-16 | 35 | അത്രൂർ-എറണാകുളം | 650 |
| 22-06-16 | 50 | അത്രൂർ-എറണാകുളം | 800 |
| 27-06-16 | 41 | അത്രൂർ-എറണാകുളം | 665 |
| 29-06-16 | 58 | അത്രൂർ-എറണാകുളം | 820 |
| 03-07-16 | 71 | അത്രൂർ-ചേർത്തല | 1115 |

| | | | |
|---|---|---|---|
| 04-07-16 | 44 | അത്രൂർ-എറണാകുളം | 710 |
| 05-07-16 | 17 | അത്രൂർ-എറണാകുളം | 650 |
| 13-07-16 | 17 | അത്രൂർ-ശ്മശാനം | 650 |
| 19-07-16 | 104 | അത്രൂർ-കോട്ടയം | 1610 |
| 20-07-16 | 74 | അത്രൂർ-ചേത്തല | 1160 |
| 22-07-16 | 40 | അത്രൂർ-ശ്മശാനം | 650 |
| 24-07-16 | 110 | അത്രൂർ-എറണാകുളം | 1700 |
| 13-08-16 | 40 | അത്രൂർ-എറണാകുളം | 650 |
| 14-08-16 | 11 | അത്രൂർ-ശ്മശാനം | 650 |
| 17-08-16 | 40 | അത്രൂർ-എറണാകുളം | 650 |
| 19-08-16 | 40 | അത്രൂർ-എറണാകുളം | 650 |
| 24-08-16 | 80 | അത്രൂർ-എറണാകുളം | 1150 |
| 26-08-16 | 71 | അത്രൂർ-എറണാകുളം | 1115 |
| 30-08-16 | 74 | അത്രൂർ-എറണാകുളം | 1160 |
| 01-09-16 | 113 | അത്രൂർ-വണ്ടാനം | 1145 |
| 02-09-16 | 68 | അത്രൂർ-എറണാകുളം | 1070 |
| 04-09-16 | 34 | അത്രൂർ-എറണാകുളം | 650 |
| 04-09-16 | 49 | അത്രൂർ-എറണാകുളം | 785 |
| 04-09-16 | 47 | അത്രൂർ-എറണാകുളം | 755 |
| 07-09-16 | 43 | അത്രൂർ-എറണാകുളം | 695 |
| 08-09-16 | 40 | അത്രൂർ-എറണാകുളം | 650 |
| 10-09-16 | 40 | അത്രൂർ-എറണാകുളം | 650 |
| 23-09-16 | 38 | അത്രൂർ-എറണാകുളം | 650 |
| 23-09-16 | 104 | അത്രൂർ-കോട്ടയം | 1610 |
| 25-09-16 | 54 | അത്രൂർ-എറണാകുളം | 860 |
| 29-09-16 | 40 | അത്രൂർ-തൃപ്പൂണിത്തുറ | 650 |
| 02-10-16 | 42 | അത്രൂർ-എറണാകുളം | 680 |
| 03-10-16 | 30 | അത്രൂർ-എറണാകുളം | 650 |
| 05-10-16 | 114 | അത്രൂർ-വണ്ടാനം | 1760 |
| 10-10-16 | 55 | അത്രൂർ-എറണാകുളം | 875 |
| 11-10-16 | 42 | അത്രൂർ-എറണാകുളം | 680 |
| 13-10-16 | 57 | അത്രൂർ-എറണാകുളം | 905 |
| 26-01-17 | 40 | അത്രൂർ-എറണാകുളം | 650 |

| | | | |
|---|---|---|---|
| 27-01-17 | 115 | അത്രർ-കോട്ടയം | 1715 |
| 28-01-17 | 79 | അത്രർ-എറണാകുളം | 1235 |
| 02-02-17 | 24 | അത്രർ-തുറവൂർ | 650 |
| 03-02-17 | 114 | അത്രർ-വണ്ടാനം | 650 |
| 09-02-17 | 40 | അത്രർ-എറണാകുളം | 1760 |
| 10-02-17 | 40 | അത്രർ-എറണാകുളം | 650 |
| 12-02-17 | 40 | അത്രർ-എറണാകുളം | 650 |
| 13-02-17 | 40 | അത്രർ-എറണാകുളം | 650 |
| 14-02-17 | 40 | അത്രർ-എറണാകുളം | 650 |
| 17-02-17 | 37 | അത്രർ-ശ്മശാനം | 650 |
| 18-02-17 | 50 | അത്രർ-തുറവൂർ | 800 |
| 20-02-17 | 59 | അത്രർ-തുറവൂർ | 935 |
| 04-03-17 | 53 | ലോക്കൽ | 845 |
| 08-03-17 | 40 | അത്രക്കുറ്റി-ശ്മശാനം | 650 |
| 11-03-17 | 66 | അത്രർ-തുറവൂർ | 1535 |
| 15-03-17 | 40 | അത്രർ-ശ്മശാനം | 650 |
| 16-03-17 | 25 | അത്രർ-ലേക്ക്ഷോർ | 650 |
| 16-03-17 | 147 | അത്രർ-വണ്ടാനം | 2255 |
| 19-03-17 | 40 | അത്രർ-തുറവൂർ | 650 |
| 21-03-17 | 24 | അത്രർ-എറണാകുളം | 650 |
| 23-03-17 | 75 | അത്രർ-ചേർത്തല | 1175 |
| 23-03-17 | 46 | അത്രർ-എറണാകുളം | 740 |
| 25-03-17 | 60 | അത്രർ-എറണാകുളം | 950 |
| 28-03-17 | 40 | അത്രർ-എറണാകുളം | 650 |
| | | ആകെ | 93910 |

രണ്ടു വാഹനങ്ങളിൽ നിന്നും ലഭിക്കേണ്ട വാടക 29200+93910=123110/- ലഭിച്ച തുക 31910/- ബാക്കി 91200/- ടി വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.15) തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നില്ലെങ്കിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെള്ളക്കരം ഇനത്തിൽ അധിക തുക അടവാക്കുന്നു- ലക്ഷങ്ങൾ പഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നും 387 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിവർഷം 2031756/-രൂപ (387 @5250/1) വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. 28.09.2011 ലെ ജി.ഒ (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് 22.05.2012-ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ പ്രവർത്തിക്കുന്ന പൊതു ടാപ്പുകൾ 271 എണ്ണവും പ്രവർത്തനരഹിതമായവ 93 എണ്ണവുമാണെന്ന കണ്ടെത്തുകയുണ്ടായി. പ്രവർത്തന രഹിതമായ ടാപ്പുകളിലേക്കുള്ള ജലവിതരണം ബ്ലോക്കുചെയ്യിച്ച് ബാക്കിയുള്ള 271 ടാപ്പുകൾക്കുമാത്രമുള്ള തുക ഒടുക്കുവാൻ നടപടി സ്വീകരിച്ചില്ല എന്നതിനു പുറമേ സംയുക്ത പരിശോധനയ്ക്കു മുൻപുള്ള 387 ടാപ്പുകൾക്കും വെള്ളക്കരം ഒടുക്കുന്നു. ഇതിനുപുറമെ 2013-14 മുതൽ 2016-17 വരെ 437 ഗാർഹിക കണക്ഷനുകളും നൽകിയിട്ടുണ്ട്. അതനുസരിച്ച് ജലവിതരണം നടത്തേണ്ട ടാപ്പുകളുടെ എണ്ണം ക്രമീകരിച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനുപയോഗിക്കേണ്ട തുക ഉപയോഗിക്കാത്ത വെള്ളത്തിന്റെ കരമായി ചെലവുചെയ്യുന്നു. പ്രവർത്തനക്ഷമമായ ടാപ്പുകൾക്കു മാത്രമായി വെള്ളക്കരം പരിമിതപ്പെടുത്താത്തതുമൂലം താഴെപ്പറയും പ്രകാരം 2015-16, 16-17 വർഷങ്ങളിൽ 12,18,012/-രൂപ അധികമായി ചെലവുചെയ്തു. ആയത് ഭരണസമിതിയുടേയും ഭരണനിർവ്വഹണ വിഭാഗത്തിന്റെയും അനാസ്ഥയും കെടുകാര്യസ്ഥതയുമാണ് വ്യക്തമാക്കുന്നത്.

| വർഷം | 387 ടാപ്പുകളുടെ ആകെ ഡിമാന്റ് ഒടുക്കിയ തുക | 271 ടാപ്പുകളുടെ വെള്ളക്കരം | അധികം ചെലവു ചെയ്തത് |
|---|---|---|---|
| 2015-16 | 2031756 | 1422750 | 609006 |
| 2016-17 | 2031756 | 1422750 | 609006 |

പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി ഗ്രാമ പഞ്ചായത്തിനുണ്ടായി ക്കൊണ്ടിരിക്കുന്ന അധിക ബാധ്യത ഒഴിവാക്കുന്ന തിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണ സമിതിയുടെയും ഭരണവകുപ്പിന്റേയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ-അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷം വാർഡ്-6-ലെ അങ്കണവാടിയ്ക്കും വാർഡ്-10-ലെ അങ്കണവാടിയ്ക്കും സ്ഥലം വാങ്ങുന്നതിനായി പ്രോജക്ട് രൂപീകരിച്ച് 7,69,520/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട്നം. : 43/17
അടങ്കൽ: 20 ലക്ഷം(ത.ഫ.)

ചെലവ്: 7,69,520/-(1. ചെക്ക് നം. 242336/05.10.16- 1,25,000/-

2. ചെക്ക് നം. 216308/21.08.2016- 16,000/-

3. ചെക്ക് നം. 1121544/09.11.2016- 5,65,020/-

4.ചെക്ക് നം. 242382/04.11.2016- 63,500/- )

പ്രോജക്ട് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1) വാർഡ് 6-ൽ അങ്കണവാടി നം. 17 ന് സ്ഥലം വാങ്ങുന്നതിനായി സ്ഥല ഉടമയായ ശ്രീ.അബ്ദുൾ ഖാദർ, പനങ്ങാട് എന്ന വ്യക്തിയിൽ നിന്നും 3 സെന്റ് സ്ഥലത്തിന് (സർവ്വേ നം. 49/4-3) ഫെയർ വാല്യൂ നിശ്ചയിച്ച് നൽകുവാൻ തഹസിൽദാർക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ അത്തോളി വില്ലേജ് ഓഫീസർ ആർസ് ഒന്നിന് 96,000/-രൂപ വില നിശ്ചയിച്ച് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരമാണ് വില നിശ്ചയിച്ചതെന്നും പ്രസ്താവിച്ചിട്ടുണ്ട്. (സാക്ഷ്യപത്രം നം. 4764/26.07.16). എന്നാൽ വാർഡ്-10ലെ അങ്കണവാടിയ്ക്കായി സ്ഥലം വാങ്ങുന്നതിന് ഫെയർ വാല്യൂ നിശ്ചയിച്ച് നൽകാൻ തഹസിൽദാർക്ക് കത്തയച്ചതായി കാണുന്നില്ല. വില്ലേജ് ഓഫീസറുടെ 14.08.2016-ലെ 6189/16-ാം നമ്പർ സാക്ഷ്യപത്രത്തിൽ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരമാണ് വില നിശ്ചയിച്ചതെന്ന് പ്രസ്താവിച്ചിട്ടില്ല. ആധാരത്തിൽ ഭൂമിയുടെ തരം നിലമെന്ന് കാണുന്നു. ടി സ്ഥലത്തിന് വില്ലേജ് ഓഫീസർ സെന്റൊന്നിന് 1,46,000/- രൂപ വില നിശ്ചയിച്ചതായാണ് കാണുന്നത്. (സർവ്വേ നം. 125/17-1) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം ഭൂമിയുടെ രേഖകൾ ഗവ. പ്ലീഡർ പരിശോധിക്കണമെന്നും കളക്ടർ/തഹസീൽദാർ നിശ്ചയിക്കുന്ന വിലയിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 30 ശതമാനം അധികം സൊലേഷ്യം നൽകാം. എന്നാൽ വാർഡ്-10-ലെ അങ്കണവാടിയ്ക്ക് തഹസീൽദാരുടെ നിർദ്ദേശാനുസരണം ഫെയർ വാല്യൂ രജിസ്റ്ററടിസ്ഥാനത്തിൽ വില നിശ്ചയിച്ചതായി കാണുന്നില്ല. 23.09.2016-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പ്രകാരമാണ് ഇപ്രകാരം 29% സൊലേഷ്യത്തോടു കൂടി 3 സെന്റിന് വാർഡ് -10-ലെ സർവ്വേ നം.125/17-1 സ്ഥലവുടമയായ ശ്രീ കുഞ്ഞ് ഖാദർ, പായിക്കാട്ട് എന്ന വ്യക്തിയിൽ നിന്നും 5,65,020/-രൂപയ്ക്ക് സ്ഥലം വാങ്ങിയത്. ഇത് ക്രമപ്രകാരമല്ല.

2.വാർഡ് 6-ൽ അങ്കണവാടി നം. 17 ന് സ്ഥലം വാങ്ങുന്നതിനായി സ്ഥല ഉടമയായ ശ്രീ.അബ്ദുൾ ഖാദർ, പനങ്ങാട് എന്ന വ്യക്തിയിൽ നിന്നും 1,25,000/-രൂപയ്ക്ക് വാങ്ങിയ 3 സെന്റ് സ്ഥലത്തിന് (സർവ്വേ നം.49/4-3) ഗവ. പ്ലീഡറിൽ നിന്നും ലീഗൽ ഒപീനിയൻ ലഭിച്ചതായി കാണുന്നില്ല.

3.23.08.2016-ൽ തീറാധാരം നടത്തിയ വാർഡ് 6-ലെ സ്ഥലത്തിന്റെ രജിസ്ട്രേഷൻ, എഴുത്ത് ഫീസ്, മുദ്രപത്രം എന്നീ ഇനങ്ങൾക്കായി 16,000/-രൂപ മുൻകൂർ പിൻവലിച്ചിട്ടുണ്ട്. ഇതിന്റെ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. കരാർ പത്രത്തിൽ 13550/-രൂപ എന്നാണ് പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയതായി കാണുന്നത്. ആധാരമെഴുത്തുകാരനായ കെ.പി.രൂപേഷ് കുമാർ തുക കൈപ്പറ്റിയതായുള്ള രേഖയും ലഭ്യമല്ല.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (27/01.08.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. 16,000/- രൂപ മുൻകൂർ പിൻവലിച്ചതിന്റെ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി തുകയും ഫെയർവാല്യൂ നിശ്ചയിക്കാതെയും നിയമോപദേശം ഇല്ലാതെയും വസ്തു വാങ്ങുന്നതിനു ചെലവുചെയ്ത 753520/-രൂപയും തടസ്സപ്പെടുത്തുന്നു. വസ്തുവാങ്ങൽ സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിനു ഭരണവകുപ്പിനോടു ശുപാർശ ചെയ്യുന്നു.

## 3-3 <u>പട്ടികജാതി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മാണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം പട്ടിക ജാതി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി പ്രോജക്ട് (101/16) രൂപീകരിക്കുകയും ഫ്ലാറ്റ് നിർമ്മാണത്തിന് പഞ്ചായത്ത് വക 25

സെന്റ് സ്ഥലം കേരളസംസ്ഥാന ഭവന നിർമ്മാണ ബോർഡിനു കൈമാറി ടി സ്ഥലത്ത് 43 എം$^2$ വീതം ഉള്ള 40 ഫ്ലാറ്റുകൾ നിർമ്മിക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 10.02.16-ലെ യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. (തീരുമാനം. നം. II(4)). 03.03.2016-ലെ പഞ്ചായത്തു കമ്മിറ്റിയുടെ I(3)-ാം നമ്പർ തീരുമാനം പ്രകാരം 22,90,958/- രൂപ വികസനഫണ്ടിൽ നിന്നും 16,09,042/- രൂപ തനത് ഫണ്ടിൽ നിന്നുമായി ആകെ 39 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചത് 2016-17 -ൽ തനത് ഫണ്ട് ഒഴിവാക്കി മുഴുവൻ തുകയുംവികസന ഫണ്ടിൽ നിന്നും വകയിരുത്താൻ നിശ്ചയിച്ചതായും കാണുന്നു. തുടർന്ന് സ്പിൽഓവറായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. : 56/17 (പട്ടികജാതി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മാണം-ഭവന നിർമ്മാണ ബോർഡിന് തുക നൽകുന്നതിന്)
അടങ്കൽ: 1609042/- (വി.ഫ.)

ചെലവ്: 1609042/-(ബിൽ നം.08/2016-17തീയതി, 31-12-16)

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1. 12-ാം പഞ്ചവത്സര സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഐ.എ.വൈ പദ്ധതി, പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതി, മറ്റ് കേന്ദ്ര -സംസ്ഥാനാവിഷ്കൃത ഭവന പദ്ധതികൾ എന്നിവയ്ക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയതിന് ശേഷം അർഹരായ ഗുണഭോക്താക്കൾ അവശേഷിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച അന്തിമ ഗുണഭോക്തൃ ലിസ്റ്റ് സർക്കാരിനയച്ച് അംഗീകാരം വാങ്ങിയതിന് ശേഷം മാത്രമേ ഗ്രാമ പഞ്ചായത്ത് ഫ്ലാറ്റ് നിർമ്മാണം ഉൾപ്പെടെയുള്ള പുതിയ വീടുകൾക്കായി പ്രോജക്ട് തയാറാക്കേണ്ടതുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് പരിശോധിച്ചതിൽ ഇപ്രകാരം ഗുണഭോക്തൃ ലിസ്റ്റ് തയാറാക്കി സർക്കാരിനയച്ച് അംഗീകാരം വാങ്ങിയതായി കാണുന്നില്ല.
2. ഫ്ലാറ്റ് നിർമ്മാണത്തിനായി വികസന ഫണ്ടിൽ നിന്നും 2015-16 സാമ്പത്തിക വർഷം 22,90,958/- രൂപ ബിൽ നം.141/2015-16 തീയതി, 19.03.16 ൽ പിൻവലിച്ച് 22-03-2016 ൽ കേരളസംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പേർക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് ആക്കിയെങ്കിലും പ്രസ്തുത ഡി.ഡി. (198599/22-03-16) ക്യാൻസൽ ചെയ്ത് തനത് ഫണ്ട് അക്കൌണ്ടിലേയ്ക്ക്(A/c No. 67247405657) 17.02.2017-ൽ ട്രാൻസ്ഫർ ചെയ്യുകയും തുടർന്ന് 08.03.2017-ൽ പുതുക്കിയ ഡി.ഡി.(നം. 380843) ആയി തുക ഭവന നിർമ്മാണ ബോർഡിന് നൽകുകയും ചെയ്തു. തൻവർഷത്തെ പ്രോജക്ട് മുഖേന നൽകിയ 1609042/- രൂപയും (ഡി.ഡി.നം.126197/07.01.17) ഉൾപ്പെടെ ആകെ 39 ലക്ഷം രൂപ 24.03.2017-ൽ കെ.എസ്.എച്ച്.ബി. കൈപ്പറ്റിയതായി രസീത് നൽകിയിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും പിൻവലിച്ച 22,90,958/- രൂപ 11 മാസവും 14 ദിവസവും കഴിഞ്ഞതിനു ശേഷമാണ് ഭവന നിർമ്മാണ ബോർഡിന് നൽകിയത്.
3. ഫ്ലാറ്റു നിർമ്മിക്കുന്നതിനു മുന്നോടിയായി ഫ്ലാറ്റിൽ താമസിക്കാനുള്ള ഗുണഭോക്താക്കളുടെ സന്നദ്ധത സംബന്ധിച്ച പഠനങ്ങൾ നടത്തുകയോ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുകയോ ചെയ്തതായി കാണുന്നില്ല. കരാർ പ്രകാരം ഭവന നിർമ്മാണ ബോർഡ് വിശദമായ എസ്റ്റിമേറ്റ്, ആർക്കിടെക്ച്ചറൽ പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയാറാക്കി 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നുണ്ട്. എന്നാൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആലപ്പുഴ ഡിവിഷൻ തയാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും ഭവന നിർമ്മാണ ബോർഡിനു നൽകിയ നടപടി ക്രമപ്രകാരമല്ല. G.O.(P)No.311/74/Fin. Dated30/07/2014 നം. ഉത്തരവിൽ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ (ക്രമ നം.14) എസ്റ്റിമേറ്റിന്റെ 20% വരുന്ന തുക മുൻകൂറായി നൽകാമെന്നും തുടർന്നുള്ള പെയ്മെന്റുകൾ യഥാർത്ഥത്തിൽ ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ

അഞ്ചു ഗഡുക്കളായി നൽകാമെന്നും ഓരോ ഗഡുവും എസ്റ്റിമേറ്റിന്റെ 15% ത്തിൽ അധികരിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 5% തുക പെർഫോർമൻസ് ഗ്യാരന്റിയായി സൂക്ഷിക്കണമെന്നും നിരീക്ഷിത കാലയളവിനു ശേഷം ആയത് ഏജൻസിയ്ക്ക് റിലീസ് ചെയ്യാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറിൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തുക മുൻകൂർ നൽകാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

ഭവന നിർമ്മാണ ബോർഡിനു സൈറ്റ് കൈമാറിയോ,ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചുവോ തുടങ്ങയി കാര്യങ്ങളിന്മേൽ വിശദാംശങ്ങൾ ആരാഞ്ഞുവെങ്കിലും(നം.26/01.08.17) മറുപടി ലഭ്യമാക്കിയിട്ടില്ല. കഴിഞ്ഞ റിപ്പോർട്ടിലും പദ്ധതി സംബന്ധിച്ച വീഴ്ച ചൂണ്ടിക്കാണിച്ചുവെങ്കിലും തുടർനടപടി കൈക്കൊണ്ടതായി കാണുന്നില്ല.വികസനഫണ്ടിൽ നിന്നും പിൻവലിച്ച 22,90,958/- രൂപ 11 മാസവും 14 ദിവസവും കഴിഞ്ഞതിനു ശേഷമാണ് ഭവന നിർമ്മാണ ബോർഡിന് നൽകിയത്. കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഭരണവകുപ്പിന്റെ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

I) പ്രോജക്ട് നം. : 28/17(സാമൂഹ്യ സുരക്ഷാ മിഷന് ധന സഹായം)

അടങ്കൽ: 4,24,000/-(വി.ഫ)

ചെലവ്: 4,24,000/-(ബിൽ നം. 11/16-17 തീയതി, 31.12.2016-2,00,000/-

ബിൽ നം. 21/16-17 തീയതി, 30.03.2017-2,24,000/-)

സ.ഉ.(സാധാ) നം. 1209/2013തസ്വഭവ തീയതി, 06.05.13 ൽ നിർദ്ദേശിച്ച പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.(2,24,000/- രൂപയുടേത്)

II) പ്രോജക്ട് നം. : 24/17(എസ്.എസ്.എ. ഗ്രാമ പഞ്ചായത്ത് വിഹിതം)

അടങ്കൽ: 6,00,000/-( 2,95,000/-വി.ഫ ; 3,05,000/- ധ.ക.ഗ്രാന്റ്.)

ചെലവ്:6,00,000/-(ബിൽ നം.12/16-17/31.12.2016- 2,95,000/-

ബിൽ നം.13/16-17/31.12.2016- 3,05,000/-)

പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്കൂളുകളിൽ എസ്. എസ്.എ. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വാർഷിക ബജറ്റ് പ്ലാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ 35% വിഹിതത്തിന്റെ ചെലവ് പത്രിക, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല

VI) പ്രോജക്ട് നം. : 379/17(റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി വെയ്ക്കൽ)

അടങ്കൽ: 1,00,000/-(ത.ഫ)

ചെലവ്:96,597/-((1)ചെക്ക് നം. 411859 തീ:31.03.17- 74752/- (2) ചെക്ക് നം. 411861 തീ:31.03.17- 21845/-)

കെ.എസ്.ഇ.ബിയുടെ പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

അപാകതകളിന്മേൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 9,20,597/- രൂപ (2,24,000+6,00,000+96597) തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-കരാർ പ്രകാരം പ്രവർത്തനരഹിതമായ വിളക്കുകൾ അറ്റകുറ്റപ്പണി ചെയ്ത് തിരിച്ചേൽപ്പിച്ചിട്ടില്ല.

തനതു ഫണ്ടിൽ നിന്നും 573925/-രൂപ വകയിരുത്തി തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി എന്ന പ്രോജക്ട് (59/17) മുഖേന 400 11w CFL, 200 30w CFL, 300 2x11w CFL കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ശ്രീ.അജയകുമാർ റ്റി.എസ്. എന്ന വ്യക്തിയെ കേടായ വിളക്കുകൾ അഴിച്ചുമാറ്റി റിപ്പയർ ചെയ്യുന്ന പ്രവൃത്തിയ്ക്കായി കരാറേൽപ്പിച്ചിട്ടുണ്ട്. പോസ്റ്റൊന്നിന് 85/-രൂപ നിരക്കിലാണ് ടിയാന് കരാർ നൽകിയിട്ടുള്ളത്. പോസ്റ്റിൽ നിന്നും പ്രവർത്തന രഹിതമായ വിളക്കുകൾ അഴിച്ചുമാറ്റി പ്രവർത്തന സജ്ജമാക്കി പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാർഡു മെമ്പർമാർ നൽകിയ ലിസ്റ്റ് പ്രകാരം പ്രവർത്തന രഹിതമായ 163 വിളക്കുകൾ കരാറുകാരൻ തിരിച്ചേൽപ്പിച്ചതായി കാണുന്നു. (വാർഡ് മെമ്പർമാരുടെ ലിസ്റ്റ് പ്രകാരം 5,10,15,17,20,21എന്നീ വാർഡുകളിൽ നിന്നും പ്രവർത്തന രഹിതമായ വിളക്കുകൾ കരാറുകാരന് ലഭിച്ചിട്ടില്ലെന്ന് കാണുന്നു). എന്നാൽ 163 പ്രവർത്തന രഹിതമായ വിളക്കുകൾ പ്രവർത്തന സജ്ജമാക്കി പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

കേരള മൂല്യവർദ്ധിത നികുതി നിയമം 2003 വകുപ്പ് 10 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട പ്രവൃത്തികളിൽ പ്രവൃത്തി മൂല്യത്തിന്റെ 4ശതമാനം മൂല്യവർദ്ധിത നികുതി ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ അടക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. എന്നാൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയ്ക്കായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട വ്യക്തിയിൽ നിന്നും മൂല്യവർദ്ധിത നികുതി ഈടാക്കി സർക്കാരിലേക്ക് അടച്ചിട്ടില്ല.

ചെലവ് വിവരം താഴെ കൊടുക്കുന്നു

1) 14,400/- കെൽട്രോണിന് നൽകിയത് ( ചെക്ക് നം.242333/05.10.16)

2) 28,550/- കരാറുകാരന് നൽകിയത് (ചെക്ക് നം. 392091/07.02.17)

3)2,29,900/- കെൽട്രോണിന് നൽകിയത് ( ചെക്ക് നം.1121581/14.02.17)

4)15,625/- കരാറുകാരന് നൽകിയത് (ചെക്ക് നം. 242342/17.10.16)

5)16,645/- കരാറുകാരന് നൽകിയത് (ചെക്ക് നം. 242314/29.09.16)

6)12,640/-കരാറുകാരന് നൽകിയത് (ചെക്ക് നം. 216309/23.08.16)

7)15,275/-കരാറുകാരന് നൽകിയത് (ചെക്ക് നം. 229453/05.09.16)

ആകെ 3,33,035/-

മൂല്യവർദ്ധിത നികുതി @4% 13,321/- ടി തുക കരാറുകാരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലടക്കേണ്ടതാണ്.

## 3-6 ആംബുലൻസ് ഡ്രൈവർക്ക് അധിക വേതനം നൽകി

പഞ്ചായത്തിന്റെ കീഴിലുള്ള KL-04T 6649 എന്ന മാരുതി ഓമ്നി ആംബുലൻസ് ലോഗ് ബുക്ക് പ്രകാരം 27/01/2017 മുതൽ 19 ദിവസം അറ്റകുറ്റപ്പണികൾക്കായി എറണാകുളത്ത് വർക്ക് ഷോപ്പിലായിരുന്നു. ആ ദിവസങ്ങളിൽ വാഹനം സർവ്വീസ് നടത്തിയിട്ടില്ല. എന്നാൽ ദിവസ വേതനത്തിലുള്ള ടി ആംബുലൻസ് ഡ്രൈവർക്ക് അന്നേ ദിവസങ്ങളിൽ വേതനം നൽകിയിട്ടുണ്ട്. 650/- രൂ. പ്രകാരം 19 ദിവസത്തേയ്ക്ക് നൽകിയ 12,350/- രൂ. KL-04T 6649 നമ്പർ ആംബുലൻസിന്റെ ഡ്രൈവറിൽ (കാർത്തികേയൻ) നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16) നൽകിയ മറുപടിയിൽ തുക തിരികെ ഈടാക്കി പഞ്ചായത്ത്

ഫണ്ടിൽ വകയിരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക അടവാക്കാത്ത പക്ഷം, ടി തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-7 ക്രിമറ്റോറിയം വരവ് ചെലവുകൾ സന്തുലിതമല്ല- ബൈലോ തയാറാക്കി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്തിന്റെ കീഴിലുള്ള ക്രിമറ്റോറിയത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷം ആകെ ലഭിച്ചിരിക്കുന്ന വരവ് 2,13,000/-രൂപ. എന്നാൽ കറന്റ്, വെള്ളം, ഡീസൽ എന്നിവ കൂടാതെയുള്ള ചെലവ് തന്നെ 2,51,900/-രൂപ വരുന്നുണ്ട്. പഞ്ചായത്ത് സൃഷ്ടിച്ച ഒരു ആസ്തിയിൽ നിന്നും വരുമാന വർദ്ധനവ് ഉണ്ടായില്ലെങ്കിലും, വരുമാനത്തെക്കാളധികം ചെലവ് വരുന്നില്ല എന്ന് ഉറപ്പാക്കാൻ അധികൃതരുടെ ഭാഗത്ത് നിന്നും യാതൊരു നീക്കവും ഉണ്ടായതായി കാണുന്നില്ല. മാത്രമല്ല, ക്രിമറ്റോറിയത്തിന് കൃത്യമായ ഒരു ബൈലോ തയ്യാറാക്കാനും ഇന്നുവരെ പഞ്ചായത്തധികൃതർക്ക് കഴിഞ്ഞിട്ടില്ല. ശ്മശാന നിർമ്മാണത്തിനായി ഇന്നേ വരെ ചെലവായ തുകയുടെ കണക്കും ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13) നൽകിയ മറുപടിയിൽ ശ്മശാനം നടത്തുന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നും മറ്റുമാണ് സൂചിപ്പിച്ചിരിക്കുന്നത്. അതൊന്നും തർക്കവിഷയമല്ല. വരവിനേക്കാൾ ചെലവ് വളരെയധികം വർദ്ധിക്കുന്നു, അത് നിയന്ത്രണ വിധേയമാക്കുക, കൃത്യമായ ബൈലോ തയ്യാറാക്കുക എന്നീ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-8 ഓഫീസ് സ്റ്റേഷനറി ചെലവുകൾ

പഞ്ചായത്ത് 2016-17 വർഷം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ സ്റ്റേഷനറി സാധനങ്ങൾ കൂടാതെ അരൂരിലുള്ള ശാന്താസ് സ്റ്റേഷനറി എന്ന കടയിൽ നിന്നും 35,185/- രൂപയുടെള്ള സ്റ്റേഷനറി സാധനങ്ങൾ ലോക്കൽ പർച്ചേസിലൂടെ വിവിധ മാസങ്ങളിൽ വാങ്ങിയിട്ടുള്ളതായി കാണുന്നു. സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളും, മറ്റും പാലിക്കാതെ ഇത്രയും വലിയ തുകയുള്ള സ്റ്റേഷനറി സാധനങ്ങൾ ലോക്കൽ പർച്ചേസിലൂടെ വാങ്ങിയത് ആശാസ്യമായ നടപടിയല്ല. ഇത്തരത്തിൽ വാങ്ങലുകൾ നടത്തിയതിന്റെ കാരണം വിശദമാക്കുവാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17) അടിയന്തിര സാഹചര്യമുണ്ടായതിനാലാണ് ഇങ്ങനെ പർച്ചേയ്സ് നടത്തിയതെന്നും വരും നാളുകളിൽ ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ അനുസരിച്ച് ഒരു വർഷത്തേയ്ക്ക് പഞ്ചായത്തിലേയ്ക്ക് ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച്, അവരിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി സാധനങ്ങളുടെ വാങ്ങലുകൾ നടത്തേണ്ടതാണ്.

## 3-9 ഓഫീസ് വാഹനത്തിന്റെ ദുരുപയോഗം

പഞ്ചായത്തിന്റെ KL04 T 3495 എന്ന വാഹനത്തിന്റേതും, അതിനു ശേഷം വാങ്ങിയ KL32 J 9403 എന്ന വാഹനത്തിന്റേയും ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ദിവസങ്ങളിലും, സമയത്തും പ്രസിഡന്റ് ഔദ്യോഗിക വാഹനത്തിൽ സഞ്ചരിച്ചിരിക്കുന്നതായി കാണുന്നു. വാഹനത്തിൽ യാത്ര ചെയ്തിരുന്നു എന്ന് സാക്ഷ്യപ്പെടുത്തി അദ്ദേഹം ലോഗ് ബുക്കിൽ ഒപ്പ് രേഖപ്പെടുത്തി നൽകിയിട്ടുമുണ്ട്. എന്നാൽ ഇതേ ദിവസങ്ങളിൽ, ഇതേ സമയത്ത് പഞ്ചായത്തിന്റെ കമ്മറ്റികളിൽ പ്രസിഡന്റ് പങ്കെടുത്തതായി പഞ്ചായത്ത് കമ്മറ്റിയുടെ ഹാജർ രജിസ്റ്ററും, മിനിറ്റ്സും പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു.

| പ്രസിഡന്റ് പഞ്ചായത്ത് കമ്മറ്റികളിൽ പങ്കെടുത്ത തീയതി, സമയം | ലോഗ്ബുക്ക് പ്രകാരം പ്രസിഡന്റ് വാഹനത്തിൽ സഞ്ചരിച്ച തീയതി, സമയം | സഞ്ചരിച്ച ദൂരം. |
|---|---|---|

| | | |
|---|---|---|
| 31-05-2016 2pm | 31-05-2016 09.00 am to 05.00 pm | 100 കി.മീ. |
| 21-06-2016<br>12.00 pm to 2.00 pm | 21-06-2016<br>10.00 am to 6.00 pm | 50 കി.മീ. |
| 02-07-2016<br>3.00 pm to 5.00 pm | 02-07-2016<br>10.00 am to 6.00 pm | 29 കി.മീ. |
| 26-07-2016<br>2.30 pm to 5.00 pm | 26-07-2016<br>10.00 am to 6.00 pm | 27 കി.മീ. |
| 03-08-2016<br>11.00 am to 12.00 pm | 03-08-2016<br>10.00 am to 6.00 pm | 100 കി.മീ. |
| 12-08-2016<br>2.00 pm to 5.00 pm | 12-08-2016<br>10.00 am to 5.00 pm | 50 കി.മീ. |
| 31-08-2016<br>11.00pm | 31-08-2016<br>10.00 am to 5.00 pm | 30 കി.മീ. |
| 18-11-2016<br>10.30 am | 18-11-2016<br>10.00 am to 7.00 pm | 30 കി.മീ. |
| 10-01-2017<br>10.30 am to 1.00 pm | 10-01-2017<br>10.00 am to 5.00 pm | 50 കി.മീ. |
| 31-01-2017<br>11.00am to 3.00 pm | 31-01-2017<br>10.00 am to 5.00 pm | 10 കി.മീ. |
| 27-03-2017<br>10.30 am to 3.00 pm | 27-03-2017<br>10.00 am to 5.00 pm | 100 കി.മീ. |
| 29.03.2017<br>11.30 am to 3.00 pm | 29.03.2017<br>10.00 am to 6.00 pm | 160 കി.മീ. |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഫീസ് വാഹനത്തിന്റെ ദുരുപയോഗം തടയാൻ നടപടികൾ എടുക്കേണ്ടതാണ്.

## 3-10 ആനുകൂല്യങ്ങൾ ലഭിക്കാതെ ഗുണഭോക്താക്കൾ- അഗതി-ആശ്രയ പദ്ധതി അക്കൗണ്ടിൽ ലക്ഷങ്ങൾ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു

അഗതി-ആശ്രയ രണ്ടാം ഘട്ട ലിസ്റ്റിൽ വിവിധ സേവനങ്ങൾ ആവശ്യമായ 97 ഗുണഭോക്താക്കൾ ഉണ്ട്. ഇതിൽ ഭൂ/ഭവന രഹിതരുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| സേവനഘടകങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭൂരഹിതർ | 10 |

| | |
|---|---|
| വാസയോഗ്യമായ വീട് ഇല്ലാത്തവർ | 18 |

2015-16 വർഷം പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും നൽകിയ 2,50,000/-രൂപ വിനിയോഗിച്ച് ഒരു ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനുള്ള തുക നൽകിയിരുന്നു. ധന സഹായത്തിന്റെ ആനുകൂല്യം 2016-17 വർഷമാണ് ഗുണഭോക്താവിന് ലഭിച്ചത്.

2016-17സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് മുഖേന 2,50,000/-അഗതി-ആശ്രയ അക്കൗണ്ടിലേയ്ക്ക്(എസ്.ബി.ഐ.- 10542588807-ാം നമ്പർ അക്കൗണ്ട്) നൽകിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടില്ല.

15.07.2016-ൽ ചലഞ്ച് ഫണ്ടിനത്തിൽ പാസ്ബുക്കിൽ ക്രെഡിറ്റ് ചെയ്ത 3,98,546/-രൂപയിൽ ഭക്ഷണത്തിനായി 126470/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുൾപ്പെടെ 2016-17-ൽ ഭക്ഷണത്തിനായി ആകെ 2,77,755/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

31.03.2016-ൽ 16ലക്ഷത്തിൽപരം രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. 31.03.2017-ൽ 18,72,212/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു. വൻതുക നീക്കിയിരിപ്പായി നിൽക്കുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ , ഭവന നിർമ്മാണത്തിന് ഗുണഭോക്താക്കൾ ഉണ്ടെങ്കിലും സ്വന്തം പേരിൽ സ്ഥലം ഇല്ലാത്തതിനാൽ തുക അനുവദിച്ച് നൽകാൻ സാധിച്ചിട്ടില്ലെന്നും ഭൂമി ഉള്ള ഗുണഭോക്താക്കൾ പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും നേരത്തെയുള്ള ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരാണ് എന്ന് മെമ്പർ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിലും പ്രസ്തുത ലക്ഷങ്ങൾ ചെലവഴിക്കപ്പെടാതെ അവശേഷിക്കും എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ ഭൂരഹിതരായവർക്ക് പഞ്ചായത്തിന്റെ വരും വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥലം വാങ്ങാൻ പ്രോജക്ട് രൂപീകരിക്കാവുന്നതും മറ്റ് സേവനങ്ങൾക്കാവശ്യമായ തുക കിഴിച്ച് വികസനഫണ്ടിൽ നിന്നും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന ലക്ഷങ്ങൾ സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതുമാണ്. ഇക്കാര്യത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 വായനശാലകൾക്ക് ദിനപത്രം

പ്രൊജക്റ്റ് നം. എസ്സ്0029/17

അടങ്കൽ 1,25,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വായനശാലകൾക്ക് ദിനപത്രം ലഭ്യമാക്കുന്നതിനായിപഞ്ചായത്ത് ഒരു പ്രൊജക്റ്റ് തന്നെ രൂപീകരിച്ചിട്ടുണ്ട്. ഈയിനത്തിൽ പഞ്ചായത്ത് 2016-17 വർഷം 95,760/- രൂപയും ചെലവഴിച്ചിട്ടുള്ളതായി വൗച്ചർ പരിശോധനയിൽ നിന്നും മനസ്സിലാകുന്നു. ഈ തുക കൈമാറിയിരിക്കുന്നത് പത്രം ഏജന്റിന്റെ ബില്ലുകൾ മാത്രം ആധാരമാക്കിയാണ്. പത്രം ഏതൊക്കെ വായനശാലകളിലാണ് ലഭ്യമാക്കിയതെന്നോ, മുടക്കം കൂടാതെ അവ വായനശാലകളിൽ ലഭിച്ചുവോയെന്നും തെളിയിക്കുന്ന വായനശാല അധികൃതരോ, ബന്ധപ്പെട്ടവരോ നൽകിയിട്ടുള്ള ഒരു രേഖയും ഹാജരാക്കിയിട്ടില്ല. മാത്രമല്ല, ഈ ആനുകൂല്യത്തിന് വായനശാലകൾ അർഹരാണെന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) നൽകിയ മറുപടിയിൽ വായനശാലകളുടെ പേരു വിവരം ഹാജരാക്കിയിട്ടുണ്ട്. മറ്റ് വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-12 വിവിധ ആവശ്യങ്ങൾക്ക് വേണ്ടി മരുന്നു വാങ്ങുന്നതിന് പണം നൽകിയത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ, പിഎച്ച്സി. നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ ആവശ്യങ്ങൾക്കായി, പല പല പ്രോജക്റ്റുകളിൽപ്പെടുത്തി ആകെ 8,13,000/-രൂപയുടെ മരുന്നുകൾക്ക് ഓർഡർ നൽകി പണം കൈമാറിയിട്ടുണ്ട്. പക്ഷേ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പണം നൽകിയതിന്റെ ആവശ്യകത | പണം കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ പേരു വിവരം | ബിൽ നം. | തുക |
|---|---|---|---|---|
| എസ്സ് 0004/17 | പിഎച്ച്സി, അരൂർ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 5/2016-17 /18-03-2017 | 2,00,000/- |
| എസ്സ് 0003/17 | ആസ്മാ രോഗികൾക്ക് ഇൻഹേലർ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 10/2016-17 /30-03-2017 | 13,000/- |
| എസ്സ് 0007/17 | ജീവിത ശൈലി രോഗപരിശോധനയും, മരുന്ന് നൽകലും. | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 06/2016-17 /28-03-2017 | 1,00,000/- |
| എസ്സ് 0086/17 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | എംഡി, ഹോംകോ, ആലപ്പുഴ. | 03/2016-17 /16-03-2017 | 2,00,000/- |
| എസ്സ്0006/17 | പാലിയേറ്റീവ് കെയറിന് മരുന്ന് | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 4/2016-17, 7/2016-17 | 1,50,000/- 1,50,000/- |
| ആകെ | | | | 8,13,000/- |

വിശദാംശങ്ങൾ ലഭ്യമാക്കുവാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20,25) മറുപടിയിൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. തുക തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി മരുന്നു ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ഐ.എ.വൈ വിഹിതം - വിനിയോഗ രേഖകൾ ലഭ്യമല്ല

വി.ഇ.ഒ. അരൂർ സർക്കിൾ നിർവ്വണം നടത്തിയ പ്രോജക്റ്റുകളുടെ പരിശോധനാ വിവരം താഴെ കൊടുക്കുന്നു.

I) ഐ.എ.വൈ പഞ്ചായത്ത് വിഹിതം (ജനറൽ)(പ്രോജക്റ്റ് നം. 87/17)

അടങ്കൽ: 9,20,025/-(വി.ഫ. 9.20 ലക്ഷം, ത.ഫ- 25/-രൂപ)

ചെലവ് : 80,000/-(ബിൽ നം. 05/16-17 തീയതി, 25.03.17)

II) ഐ.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ (എസ്. സി) (പ്രോ. നം.88/17)

അടങ്കൽ:8,00,016/-(വി.ഫ. 8 ലക്ഷം, ത.ഫ - 16/-രൂപ)

ചെലവ് : 90,000/-(ബിൽ നം. 04/16-17 തീയതി, 25.03.17)

പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ പട്ടണക്കാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രസീത്, ഐ.എ.വൈ ഗുണഭോക്താക്കളുടെ ലിസ്റ്റ്, തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം (എത്ര ഗുണഭോക്താക്കൾക്ക് തുക നൽകി (നൽകിയ തുക, ഗഡുക്കളുടെ എണ്ണം), അവർ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശം ഉടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.
വിനിയോഗ രേഖകളുടെ അഭാവത്തിൽ 1,70,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 ആട്ട വിതരണം - ഉയർന്ന നിരക്ക് നൽകി - അധികച്ചെലവ് -56394/-

ആടുകളെ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ S0025/17നമ്പർ പ്രോജക്ടിന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ഒരു വയസിനു മേൽ പ്രായമുള്ളതും 10 കി.ഗ്രാമിന് മേൽ തൂക്കം വരുന്നതുമായ ആടൊന്നിന് 3777/-രൂപ നിരക്ക് സൂചിപ്പിച്ച ശ്രീ.എം.ജി.ഗോപി, മഞ്ഞിലിക്കാട്ടു വെളി എന്നയാളുടെ ടെണ്ടർ 27-12-16 തീയതിയിലെ 18(6) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 78 ആടുകളെ വിതരണം ചെയ്തതിന് ടിയാന്റെ ഉടമസ്ഥതയിലുള്ള GEE FARM എന്ന സ്ഥാപനത്തിന്റെ 376/24-03-17- ാം നമ്പർ ബിൽ പ്രകാരം ഒരാടിന് 4500/-രൂപ വീതമാണ് ഈടാക്കിയിരിക്കുന്നത്. ഉയർന്ന നിരക്ക് നൽകിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 78 ആടുകളെ വിതരണം ചെയ്തതിന് ഈടാക്കിയ തുക | 351000/-<br>(78@4500) |
| കരാർ പ്രകാരം നൽകേണ്ട തുക | 294606/-<br>(78@3777) |
| അധികം നൽകിയത് | 56394/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യൂണിറ്റ് കോസ്റ്റായ 4500/- രൂപയ്ക്കു വിതരണം ചെയ്യാൻ സപ്ലൈ ഓർഡർ നൽകിയതാനാലാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. കരാർപ്രകാരമുള്ള തുകയ്ക്കു മാത്രമാണ് കരാറുകാരന് അർഹതയുള്ളത്. അതിനാൽ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവു വിവരം

ബിൽ നം 4/ 31-03-17 രൂപ 139500/-

ബിൽ നം 5/ 31-03-17 രൂപ 36000/-

ചെക്ക് നം 1121928/29-03-17 രൂപ 1775500

## 3-15 ജൈവവളം വാങ്ങൽ -ഉയർന്ന നിരക്കിൽ വാങ്ങി -അധികച്ചെലവ് -7246/-

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ അടുക്കള പച്ചക്കറിത്തോട്ടം (S0068/17) ഓണം ജൈവ വാഴകൃഷി

(S0080/17) എന്നീ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് മണ്ണിരകമ്പോസ്റ്റ് ലഭ്യമാക്കുന്നതിന് പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് അടുക്കള പച്ചക്കറിത്തോട്ടം എന്ന പദ്ധതിക്ക് ഫാം നീഡ് അഗ്രോ ബയോടെക്ക്, പാലക്കാട് കി.ഗ്രാമിന് 6.90/- രൂപയും ഓണം ജൈവ വാഴകൃഷി എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന് TKS തൊഴിലാളി കർഷകസംഘം അത്തൂർ കി.ഗ്രാമിന് 7.73/- രൂപയുമാണ് ക്വോട്ട് ചെയ്തിരുന്നത്. ആയത് അംഗീകരിച്ചാണ് അതാത് പ്രോജക്ടുകൾക്ക് വാങ്ങൽ നടത്തിയിരിക്കുന്നത്. ഒരേ ഇനം വ്യത്യസ്ത നിരക്കിൽ വാങ്ങിയത് അധികച്ചെലവിനിടയാക്കി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അടുക്കള പച്ചക്കറിത്തോട്ടം എന്ന പദ്ധതിക്ക് 55000 കിലോ ജൈവ വളവും ഓണം ജൈവ വാഴകൃഷി എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന് 20000 കിലോ ജൈവ വളമാണ് ഉൾപ്പെടുത്തിയിരുന്നത്. ഫാം നീഡ് അഗ്രോ ബയോടെക്ക്, പാലക്കാട് 55000കിലോ ജൈവ വളം മാത്രമേ തയ്യാറാക്കിയിരുന്നുള്ളൂ. ഈ അളവിൽ കൂടുതൽ, സമയപരിധിക്കുള്ളിൽ നൽകാൻ സാധിക്കില്ല എന്ന നിലപാടിൽ അവർ അടുക്കള പച്ചക്കറിത്തോട്ടം എന്ന പദ്ധതിക്ക് മാത്രമേ ടെണ്ടർ സമർപ്പിച്ചിരുന്നുള്ളൂ. അതുകൊണ്ടാണ് ഓണം ജൈവ വാഴകൃഷി എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന് TKS തൊഴിലാളി കർഷകസംഘം അത്തൂരിൽ നിന്നും വാങ്ങൽ നടത്തിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ ഫാം നീഡ് അഗ്രോ ബയോടെക്ക്, പാലക്കാട് നിന്നും അടുക്കള പച്ചക്കറിത്തോട്ടം എന്ന പദ്ധതിക്ക് 9450 കിലോ ജൈവ വളം മാത്രമേ വാങ്ങിയിട്ടുള്ളൂ. 55000കിലോ ജൈവ വളം കി.ഗ്രാമിന് 6.90/-രൂപ നിരക്കിൽ നൽകാൻ തയ്യാറുള്ളപ്പോൾ ഉയർന്ന നിരക്കിൽ മറ്റൊരു സ്ഥാപനത്തിൽ നിന്നുംവാങ്ങിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

നിരക്കിലെ വ്യത്യാസം - 7.73 – 6.90 = 0.83/കി.ഗ്രാം

TKS തൊഴിലാളി കർഷകസംഘം അത്തൂരിൽ നിന്നും വാങ്ങിയ ജൈവ വളത്തിന്റെ അളവ് 8730 കി.ഗ്രാം

അധികച്ചെ ലവ് ---- 8730 x 0.83 = 7246/-

ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രോജക്ട് അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കാതെ ഒരേ ഇനങ്ങൾക്ക് ഒറ്റ ടെണ്ടർ മാത്രം ക്ഷണിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ചെലവു വിവരം</u>

ബിൽ നം 5/25-03-17 രൂപ 39938/-

ബിൽ നം 9/30-03-17 രൂപ 10085/-

ചെക്ക് നം 1121915/29-03-17 രൂപ 13940

ചെക്ക് നം 1121919/29-03-17 രൂപ 3520

## 3-16 സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം(എസ്.റ്റി)- സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള പരിധിയിൽ കവിഞ്ഞ് നൽകിയ ആനുകൂല്യം അംഗീകരിക്കുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം എന്ന പ്രോജക്ട് മുഖേന സബ്സിഡിയുടെ ഉയർന്ന നിരക്കിൽ കവിഞ്ഞ് തുക നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 38/17

അടങ്കൽ:34380/-( വി.ഫ. 34354; ത.ഫ- 26)

ചെലവ്:23600/-(ബിൽ നം.:23/16-17തീയതി, 27.03.17)

12-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.7 പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ നൽകുന്നതിന് ഓരോ ഇനത്തിനും പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടി പരിധിയിൽ കവിഞ്ഞ് തുക നൽകിയത് മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഗുണഭോക്താക്കൾ ഹാജരാക്കിയ ബിൽ തുക അർഹമായ തുകയിൽ പരിമിതപ്പെടുത്തുന്നതിനുപകരം, യഥാർത്ഥ ചെലവു പരിഗണിക്കാതെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 2300/-രൂപ വീതവും യു.പി.എസ്. വിദ്യാർത്ഥികൾക്ക് 2000/-രൂപ വീതവും എൽ.പി.എസ്. വിദ്യാർത്ഥികൾക്ക് 1900/-രൂപ വീതവും വിതരണം ചെയ്തു. ആകെ 23600/-. അർഹമായ തുകയും ബിൽതുകയും താഴെപ്പറയുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | ക്ലാസ് | | യൂണിഫോം (a) | നോട്ട് ബുക്ക് /സ്റ്റേഷണറി (b) | കുട/ബാഗ് /ചെരുപ്പ് /ഷൂസ്/പേന/ പെൻസിൽ (c) | അർഹതയുള്ള ആകെ തുക |
|---|---|---|---|---|---|---|---|
| 1 | വിദ്യ ദിനേശ് | 10 | ബിൽ പ്രകാരമുള്ള തുക | 1348 | 500 | 900 | |
| | | | അർഹത | 1000 | 500 | 800 | 2300 |
| 2 | യദുകൃഷ്ണൻ ആർ | 10 | ബിൽ പ്രകാരമുള്ള തുക | 1150 | 0 | 1310 | |
| | | | അർഹത | 1000 | 0 | 800 | 1800 |
| 3 | കൃഷ്ണപ്രിയ ആർ | 5 | ബിൽ പ്രകാരമുള്ള തുക | 1140 | 0 | 1000 | |
| | | | അർഹത | 800 | 0 | 800 | 1600 |
| 4 | സഞ്ജു സനിൽ | 4 | ബിൽ പ്രകാരമുള്ള തുക | 852 | 300 | 800 | |
| | | | അർഹത | 800 | 300 | 800 | 1900 |
| 5 | സഞ്ജയ് സനിൽ | 10 | ബിൽ പ്രകാരമുള്ള തുക | 1176 | 560 | 1000 | |
| | | | അർഹത | 1000 | 500 | 800 | 2300 |
